കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**www.ksad.kerala.gov.in**

# എടപ്പറ്റ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറംജില്ലാ**

**സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം**

e-mail: dompm.ksad@kerala.gov.in

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)**

നം:കെ.എസ്.എ/എം.പി.എം9/2291/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയ്യതി:14.10.2019

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

മലപ്പുറം.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടപ്പറ്റ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :എടപ്പറ്റ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തികവർഷത്തേ ഓഡിറ്റ് റിപ്പോർട്ട് –പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഓൺലൈനായി എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് )

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്

നം:കെ.എസ്.എ.എം.പി.എം.(9)/2291/2019 തിയ്യതി: 14/10 / 2019

**<u>മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25/09/2018 മുതൽ 18/08/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം.</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ആർ .അജിത്ത്, ഡെപ്യൂട്ടിഡയറക്ടർ.(ഹയർ ഗ്രേഡ് ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.8.2019 മുതൽ 07.09.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.നസ്സീർ.ടി.കെ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സക്കീർഹുസൈൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. സന്തോഷ്.പി.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സുജാത.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>ബി ) നിർവഹണാധികാരികൾ</u>

<u>പ്രസിഡന്റ്</u>

| | |
|---|---|
| ശ്രീമതി.സി.ഫാത്തിമ | 01.04.2018മുതൽ31.03.2019വരെ |

സെക്രട്ടറി

| | |
|---|---|
| 1.ശ്രീമതി.ടെസ്സി മോൾ.സി (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്) | 01.04.2018 മുതൽ 19.04.2018വരെ |
| 2.ശ്രീമതി.മിനി .കെ.കെ | 20.04.2018 മുതൽ 14.05.2018 വരെ |
| 3.ശ്രീമതി.ടെസ്സി മോൾ.സി (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്) | 15.05.2018 മുതൽ 29.05.2018 വരെ |
| 4.ശ്രീമതി.മിനി .കെ.കെ | 30.05.2018 മുതൽ 04.07.2018 വരെ |
| 5.ശ്രീമതി.ടെസ്സിമോൾ .സി | 05.07.2018 മുതൽ 03.08.2018 വരെ |
| 6.ശ്രീമതി.മിനി .കെ.കെ | 04.08.2018 മുതൽ 17.08.2018 വരെ |
| 7.ശ്രീമതി.ടെസ്സി മോൾ.സി | 18.08.2018 മുതൽ 21.08.2018 വരെ |
| 8.ശ്രീമതി.മിനി.കെ.കെ | 22.08.2018 മുതൽ 08.10.2018 വരെ |
| 9.ശ്രീ.ജോയ് ജോൺ | 09.10.2018 മുതൽ 07.02.2019 വരെ |
| 10.ശ്രീമതി.ജയശ്രീ.എം | 08.02.2019 മുതൽ 25.03.2019 വരെ |
| 11.ശ്രീ.ജോയ് ജോൺ | 26.03.2019 മുതൽ 28.03.2019 വരെ |
| [illegible] | [illegible] |

| | |
|---|---|
| 12.ശ്രീമതി.ജയശ്രീ.എം | 29.03.2019 മുതൽ 31.03.2019 വരെ |

**<u>മറ്റു നിർവഹണ ഉദ്യോഗസ്ഥർ.</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 1.അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ജോസ്.എം | 01.04.2018മുതൽ19.06.2018വരെ |
| | ശ്രീ.രാജൻ | 20.06.2018മുതൽ30.08.2018വരെ |
| | ശ്രീ.ദിനേഷ്.ടി.എം | 01.9.2018മുതൽ14.01.2019വരെ |
| | ശ്രീ.സിബിൻ.എസ്.ജെ | 15.01.2019മുതൽ13.03.2019വരെ |
| | ശ്രീ.സിനിമോൻ.സി.എച്ച് | 14.03.2019മുതൽ31.03.2019വരെ |
| 2.ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സ്വപ്ന | 01.04.2018മുതൽ31.03.2019വരെ |
| 3.വില്ലേജ്എക്സ്റ്റെൻഷൻഓഫീസർ | ശ്രീ.ഹാരിസ് | 01.04.2018മുതൽ21.01.2019വരെ |
| | ശ്രീമതി.ശുഭ | 22.01.2019മുതൽ31.03.2019വരെ |
| | ശ്രീമതി.സ്വപ്ന | 01.04.2018മുതൽ31.3.2019വരെ |
| 4.മെഡിക്കൽഓഫീസർ(പി.എച്ച്.സി) | ഡോ.സജ്ന.പി | 01.04.2018മുതൽ31.03.2019വരെ |
| 5.ഹെഡ് മാസ്റ്റർ | ശ്രീ.മോഹനൻ.കളിവീട് | 01.04.2018മുതൽ31.03.2019വരെ |
| 6.മെഡിക്കൽഓഫീസർ(ആയുർവേദം) | ഡോ.സിന്ധുൽ | 01.04.2018മുതൽ30.8.2018 വരെ |
| | ഡോ.ജോഷ്ന | 01.9.2018 മുതൽ31.3.2019വരെ |
| 7.അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ടെസ്സിമോൾ.സി | 01.04.2018 മുതൽ8.10.2018വരെ |
| | ശ്രീമതി.ജയശ്രീ.എം | 09.10.2018മുതൽ 31.3.2019വരെ |

**ഉള്ളടക്കം**


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| | | **ഭാഗം I പൊതു അവലോകനം** |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (R&Pപ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 5 | 1-5 | പദ്ധതി അവലോകനം. |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ |
| 13 | 1-13 | റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ്. |
| 14 | 1-14 | തൊഴിൽ നികുതി - അപാകതകൾ |
| 15 | 1-15 | ഭേദഗതി പ്രകാരമുള്ള പുതുക്കിയ ലൈസൻസ് ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം |
| 16 | 1-16 | രശീതി ബുക്കുകളുടെ ഉപയോഗം- അപാകതകൾ |
| 17 | 1-17 | തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ പർച്ചേസ് അപാകതകൾ |
| 18 | 1-18 | മൊബൈൽ ടവർ - പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ |
| 19 | 1-19 | പ്രിൻറിങ് പ്രവർത്തികൾക്ക് തുക നൽകിയതിൽ ജി.എസ്.ടി ബില്ലുകൾ ഹാജരാക്കിയിട്ടില്ല. |
| 20 | 1-120 | ഡെപ്പോസിറ്റ് വർക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 21 | 1-21 | 1.10.2018 ന് ശേഷമുള്ള വർക്ക് ബില്ലുകളിൽ നിന്ന് T.D.S ഈടാക്കി അടവാക്കിയിട്ടില്ല |
| 22 | 1-22 | കറവപശുക്കൾക്ക് കാലിത്തീറ്റ-അപാകതകൾ |
| 23 | 1-23 | സാക്ഷരത തുല്യതാ പരീക്ഷ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| 24 | 1-24 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ -.അപാകതകൾ |
| 25 | 1-25 | വേങ്ങശ്ശേരി ചോലക്കളം റോഡ്-രേഖകളിലും രേഖപ്പെടുത്തലിലും പൊരുത്തക്കേടുകൾ |
| 26 | 1-26 | വാട്ടർ ടാങ്ക് വാങ്ങി നൽകൽ- മുഴുവൻ തുകയും പ്ലാൻ വിഹിതത്തിൽ നിന്ന് പിൻവലിച്ചു. |
| 27 | 1-27 | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- അപാകതകൾ |
| 28 | 1-28 | ചെലവഴിക്കാത്ത തുക തിരിച്ചടവാക്കേണ്ടതാണ് |
| 29 | 1-29 | മരാമത്ത് പ്രവർത്തി -കൺവീനർക്ക് അധിക തുക നൽകി |
| 30 | 1-30 | മനോരമപ്പടി ലക്ഷം വീട് കോളനി റോഡ് മെറ്റലിങ്ങ്. അപാക തകൾ |
| 31 | 1-31 | ഷീറ്റ് വർക്ക് - അധിക നിരക്ക് നൽകി |
| 32 | 1-32 | ടെണ്ടർ ബിലോ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി |
| | | **ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 33 | 2-1 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ |
| | | **ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 34 | 3-1 | മരാമത്ത് പ്രവർത്തി -കൺവീനർക്ക് അധിക തുക നൽകി |
| 35 | 3-2 | മനോരമപ്പടി ലക്ഷം വീട് കോളനി മെറ്റലിങ്ങ്. അപാകതകൾ |
| 36 | 3-3 | ഷീറ്റ് വർക്ക് - അധിക നിരക്ക് നൽകി |

| | | |
|---|---|---|
| 37 | 3-4 | ടെണ്ടർ ബിലോ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി |
| ഭാഗം -IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 38 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 39 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 40 | 4-3 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 41 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 42 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 43 | 4-6 | സ്ഥിര നിക്ഷേപങ്ങൾ |
| 44 | 4-7 | ഓഡിറ്റ് റിക്കവറി |
| 45 | 4-8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 46 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 47 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 48 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| ഭാഗം V -അനുബന്ധങ്ങൾ | | |
| 49 | Annexure 1 | Audit Certificate |
| 50 | അനുബന്ധം2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 51 | അനുബന്ധം3 | വാർഷിക കണക്ക് സംക്ഷിപ്തം-പകർപ്പ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.3.2018തീയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.3.2019 തീയ്യതിയിലെ 3/2 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 21.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7663486 |
| വരവ് | 92069990 |
| ആകെ | 99733476 |
| ചെലവ് | 84887976 |
| നീക്കിയിരിപ്പ് | 14845500 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| പ്ലാൻ ജനറൽ | 0 | 14218143 | 14218143 | 14218143 | 0 | 100% |
| പ്ലാൻ എസ്.സി.പി | 0 | 5255000 | 5255000 | 3802875 | 1452125 | 72% |
| പ്ലാൻ .ടി.എസ്.പി | 0 | 222000 | 222000 | 148550 | 73450 | 67% |
| എം.ജി. (റോഡ് ) | 0 | 13995000 | 13995000 | 13995000 | 00 | 100% |
| എം.ജി(നോൺറോഡ്) | 0 | 2914000 | 2914000 | 2905817 | 8183 | 99% |
| സി.എഫ്.സി ഗ്രാൻറ് | 0 | 8447793 | 8447793 | 6061481 | 2386312 | 72% |
| ജലനിധി (SBT) | 1455424 | 39641200 | 41096624 | 40404251 | 692373 | |
| കനാറ ബാങ്ക് (own) | 2186941 | 9636830 | 11823771 | 6374843 | 5448928 | |
| കനാറ ബാങ്ക് (ടാക്സ്) | 25147 | 97446 | 122593 | 10746 | 111847 | |
| SBT(ലൈഫ്) | 00 | 00 | 00 | 00 | 00 | |
| co-op bank (own ) | 00 | 00 | 00 | 00 | 00 | |
| CO-OP (Ownfund) | 00 | 00 | 00 | 00 | 00 | |
| CO-OP (Ownfund) | 00 | 00 | 00 | 00 | 0 | |
| MSCO-OP | 00 | 00 | 00 | 00 | 00 | |
| TSB | -159994 | 13669562 | 13509568 | 9365695 | 4143873 | |
| SBT (Sanitation) | 00 | 00 | 00 | 00 | 00 | |
| canara(Sanitation) | 2421457 | 653633 | 3075090 | 726026 | 2349064 | |
| co-op -3939 | 00 | 00 | 00 | 00 | 00 | |
| ESCB(Kudumbasree) | 748 | 22 | 770 | 00 | 770 | |
| ESCB(saksharatha) | 15654 | 470 | 16124 | 00 | 16124 | |
| ESCB(WGDP) | 1696686 | 50901 | 1747587 | 595000 | 1152587 | |
| SBT (MNNREGS) | 7921 | 507984 | 515905 | 5082321 | 7673 | |
| CANARA (PYKKA) | 46808 | 1660 | 48468 | 00 | 48468 | |
| TSB (Joint venture) | -113050 | 3578132 | 3465082 | 2668298 | 796784 | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 256 | 81690687 | 200 | 54319399 | 0 | 56 | 78% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7921 | 507984 | 515905 | 508232 | 7673 |
| ഗുണഭോക്താകൾക്ക് നേരിട്ട് | 00 | 18713032 | 18713032 | 18713032 | 00 |

| | | | | | |
|---|---|---|---|---|---|
| നൽകുന്നത് | | | | | |
| ആകെ | 7921 | 19221016 | 19228937 | 19221264 | 7673 |

ഓഡിറ്റ് നിരീക്ഷണം

1.മെറ്റീരിയൽ വർക്കുകൾക്ക് മെറ്റീരിയൽ വാങ്ങിക്കുന്നതിലെ ടെൻണ്ടർ നടപടികൾ സുതാര്യമാക്കണം

2.നിയമാനുസൃത നികുതികൾ അടവാക്കുന്നതിൻെറ രേഖകൾ ഫയലിൽ സൂക്ഷിക്കണം

3എംബുക്ക്- മെറ്റീരിയൽ അക്കൌണ്ട് എന്നിവയിൽആവശ്യാനുസൃതമായ രേഖപ്പെടുത്തലുകൾ നടത്തി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം

4.മെറ്റീരിയൽ സ്റ്റോക്ക് രജസ്റ്റർ കാലികമാക്കിസാക്ഷ്യപ്പെടുത്തി സൂക്ഷിക്കണം

5.ചെലവുകൾക്ക് വൌച്ചർ നമ്പർ നൽകി ക്രമത്തിലാക്കണം

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 79680 | 48 |
| കർഷകതൊഴിലാളി പെൻഷൻ | 4610800 | 355 |
| വിധവാപെൻഷൻ | 12049200 | 986 |
| വാർദ്ധക്യകാലപെൻഷൻ | 13184000 | 1132 |
| വികലാംഗപെൻഷൻ | 3638400 | 303 |
| 50 വയസ്സിന് മുകളിൽ ഉള്ള അവിവാ ഹിതരായ വനിതകൾക്ക് പെൻഷൻ | 442400 | 40 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.8.2019 ന് സ്ഥാപന തലവന്റെസാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2035/രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിൻെറ വരവ് ചെലവ് കണക്കുകൾ അനുബന്ധ ധനവിനിയോഗ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമായി വിനിയോഗിക്കുന്നതിൽ ഭരണസമിതിയ്ക്ക് വീ ഴ്ച സംഭവിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു

റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് സർക്കാർ ഉത്തരവ് പാലിക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.വസ്തുനികുതി നിർണ്ണയത്തിൽ കൃത്യത ഇല്ലാത്തതിനാൽ അപാകതകൾ സംഭവിച്ചത് മോണിട്ടറിങ് കാര്യക്ഷമമല്ലാത്തതിനാൽ ആണ്.രശീതി ബുക്കുകൾ ഉപയോഗിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥർ സൂക്ഷ്മത പലിക്കുന്നില്ല.മൊബൈൽ ടവർ - പെർമിറ്റ് അനുവദിച്ച് നികുതി ഈടാക്കിയതിൽ അപാകത സംഭവിച്ചിട്ടുണ്ട്.മരാമത്ത് പ്രവർത്തി നടത്തിയതിൽ കൺവീനർക്ക് അധിക തുക നൽകിയിട്ടുണ്ട്.തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ പർച്ചേസ് വാങ്ങിയതിൽ അപാകത സംഭവിച്ചിട്ടുണ്ട്.

11.1.10.2018 ന് ശേഷമുള്ള ചില മരാമത്ത് വർക്ക് ബില്ലുകളിൽ നിന്ന് T.D.S ഈടാക്കി അടവാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച തുകയിൽ ചെലവഴിക്കാത്ത തുക തിരിച്ചടവാക്കേണ്ടതാണ്. വേങ്ങശ്ശേരി ചോലക്കുളം റോഡ്-രേഖകളിലും രേഖപ്പെടുത്തലിലും പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.മനോരമപ്പടി ലക്ഷം വീട് കോളനി മെറ്റലിങ്. അപാകതകൾ അസി.എൻജിനിയറുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുള്ളത് ഭരണസമിതി ചർച്ചചെയ്യേണ്ടതാണ്.എസ്.സി.ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ- മുഴുവൻ തുകയും പ്ലാൻ വിഹിതത്തിൽ നിന്ന് പിൻവലിച്ചു. വിതരണം ചെയ്യാത്ത ടാങ്കുകളുടെ തുക സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.എ.ഇ നിർവഹണം നടത്തിയ പ്രോജക്ടുകൾ. എല്ലാ ഫയലുകളും പരിശോധനക്ക് ലഭ്യമായില്ല.സംയുക്ത പ്രൊജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 65692/-രൂപ (ക്ഷീരകർഷകർക്ക് പാൽ സബ്സീഡി )നീക്കിയിരിപ്പ് ഉള്ളത് തിരികെ നൽകിയിട്ടില്ല .അപാകതകൾ ഭാവിയിൽ തിരുത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി കൈകൊള്ളേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.06.2019 | 1/2019 മുതൽ 5/2019 വരെ | 18.06.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.02.2019 മുതൽ .16.02.2019വരെ | 2013-14മുതൽ 2017-18 വരെ | 04.03.2019 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. MGNREGA - ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുക [B4] നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല [B17]. (വ്യത്യാസം 5387 രൂപ-വിശദീകരിക്കപ്പെട്ടിട്ടില്ല)
2. MGNREGA - Capital contribution (1569212 രൂപ) പൂർണമായും ബുക്ക് ചെയ്തിട്ടില്ല. (വ്യത്യാസം 168032 രൂപ.- വിശദീകരിക്കപ്പെട്ടിട്ടില്ല)
3. Joint Venture Projects- ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുക [B4] നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല [B17]. (വ്യത്യാസം 551176 രൂപ-വിശദീകരിക്കപ്പെട്ടിട്ടില്ല)
4. TSC ബാധ്യതയായി രേഖപ്പെടുത്തിയ തുക [B4] നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല [B17]. വ്യത്യാസം 25000 രൂപ-വിശദീകരിക്കപ്പെട്ടിട്ടില്ല )
5. Beneficiary Contribution ഇനത്തിൽ ചെലവഴിച്ച തുക [1929412] ബാധ്യതയിൽ നിന്നും കിഴിവ് വരുത്തിയിട്ടില്ല.
6. Joint Venture Projects- വരവ് ഇനത്തിൽ ബുക്ക് ചെയ്ത തുക പാസ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.
7. Non Residential Buildings - ന്റെ അരിയർ ഡിമാന്റ് (113019), അരിയർ കളക്ഷൻ (40173), കറന്റ് കളക്ഷൻ (874062), എന്നിവ സഞ്ചയയിലേതുമായി (യഥാക്രമം. 1106335, 40785, 87950) പൊരുത്തപ്പെടുന്നില്ല.
8. Residential Buildings - ന്റെ അരിയർ ഡിമാന്റ് (28371), അരിയർ കളക്ഷൻ (30081), കറന്റ് കളക്ഷൻ (1129132), എന്നിവ സഞ്ചയയിലേതുമായി (യഥാക്രമം. 1106335, 40785, 87950,) പൊരുത്തപ്പെടുന്നില്ല.
9. Non Residential Buildings -ഇനത്തിൽ കിട്ടാനുള്ള തുക (B15 -77688രൂപ) സഞ്ചയ പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല (93317).
10. Residential Buildings -ഇനത്തിൽ കിട്ടാനുള്ള തുക (B15 -942രൂപ) സഞ്ചയ പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല (3276/-രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല).
11. തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

12. അക്രൂവൽ അടിസ്ഥാനത്തിലേക്കമാറുന്നതിന് മുമ്പ് ആർജ്ജിച്ച ആസ്തികൾ മൂല്യം നൽകി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. മുൻവർഷത്തെ AFS സർട്ടിഫിക്കറ്റിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയ അപാകതകൾ പരിഹരിച്ചിട്ടില്ല.

14. Day book ദൈനം ദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.അപാകതകൾ പരിഹരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-12 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമത്തിനനുസരിച്ചുള്ള നികുതി ഈടാക്കിയതായി കാണുന്നില്ല.യഥാർത്ഥ തരത്തിനുളളതിൻെറ നിരക്കിൻെറ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്താതെ താരതമ്യേന കുറഞ്ഞ നിരക്ക് നൽകിയതുവഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട് .വിശദവിവരത്തിന് ഖണ്ഡിക 2(1) കാണുക

# 1-13 റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ്.

കേരള പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 22.05.2018 ലെ CE/R&B/GL-RC/1/2018 നമ്പർ സർക്കുലർ പ്രകാരം, വിവിധ തരത്തിലുള്ള റോഡുകളുടെ റോഡ് കട്ടിംഗ് റിസ്റ്റോറേഷൻ ചാർജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. റിസ്റ്റോറേഷൻ വിഡ്ത്ത് , ട്രഞ്ച് വിഡ്ത്തിന്റെ 1.50 ഇരട്ടിയായി കണക്കാക്കണമെന്നും, BT സർഫസ് ഉള്ള റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റിസ്റ്റോറേഷൻ വീതി ഒരു മീറ്റർ ആയി കണക്കാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

റിലയൻസ് ജിയോ, എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ ആഞ്ഞിലങ്ങാടി - മേലാറ്റൂർ റോഡിൽ ( 3.7Km) ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് 0.50 മീറ്റർ വീതിയിലും 1.65 മീറ്റർ ആഴത്തിലും ട്രഞ്ച് കീറുന്നതിനായി അനുമതിക്കായി 17.09.2018 ന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ ( ഇൻവാർഡ് നമ്പർ. 3441/ 17.09.2018) സമർപ്പിക്കുകയും , അപേക്ഷ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി അസി.എഞ്ചിനീയർക്ക് കൈമാറുകയും ചെയ്തു. അസി.എഞ്ചിനീയർ സർക്കുലറിൽ പറയുന്ന നിരക്കിൽ താഴെ പറയുന്ന പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളത്.

| | | |
|---|---|---|
| 1 | ടാർ റോഡ് കട്ട് ചെയ്യുന്നതിന് ( 20mm close graded chipping carpet surface) - 950m X 0.50m = 475m2<br><br>(Say 475 @ 4695.67/m2), | 2230443.25 |
| 2 | ഷോൾഡർ കട്ട് ചെയ്യുന്നതിന് - 1450m X 0.50m = 725m2<br><br>(Say 725 @ 1422.95/m2) | 1031638.75 |
| 3 | Berm കട്ട് ചെയ്യുന്നതിന് - 1300m X 0.50m = 650<br><br>(Say 650 @ 329.87/m2) | 214415.50 |
| | ആകെ | 3476497.50 |
| 4 | സൂപ്പർ വിഷൻ ചാർജ്ജ് @2.50% | 86912.45 |
| | ആകെ | 3563409.95<br><br>Say-<br><br>3563410 |

പഞ്ചായത്ത് ഭരണ സമിതിയുടെ 25.01.2019 ലെ 9/9(1) അടിസ്ഥാനത്തിൽ 3476498 /- രൂപ (സൂപ്പർ വിഷൻ ചാർജ്ജ് ഒഴികെ) 12.02.2019ന് രശീതി നമ്പർ.118030400003 പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ (റിസ്റ്റോറേഷൻ വിഡ്ത്ത്, ട്രഞ്ച് വിഡ്ത്തിന്റെ 1.50 ഇരട്ടിയായി കണക്കാക്കണമെന്നും, BT സർഫസ് ഉള്ള റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റിസ്റ്റോറേഷൻ വീതി

ഒരു മീറ്റർ ആയി കണക്കാക്കണമെന്നുമുള്ള നിർദ്ദേശം) പാലിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | ടാർ റോഡ് കട്ട് ചെയ്യുന്നതിന് ( 20mm close graded chipping carpet surface) - 950m X 1m =950m2<br>(Say 950 @ 4695.67/m2), | 4460886.5 |
| 2 | ഷോൾഡർ കട്ട് ചെയ്യുന്നതിന് - 1450m X 0.75m = 1087.5m2<br>(Say 1087.5@ 1422.95/m2) | 1547458.125 |
| 3 | Berm കട്ട് ചെയ്യുന്നതിന് - 1300m X 0.75m = 975<br>(Say 975 @ 329.87/m2) | 321623.25 |
| | ആകെ | 6329967.875<br>Say-<br>6329968 |

ഈടാക്കിയതിൽ കുറവ് (6329968 – 3476498) = 2853470.00 രൂപ.

കൂടാതെ ഡി.സി 2/531/2017 / ത.സ്വ.ഭ.വ തിയ്യതി . 22.05.2018 സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളിലൂടെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ (OFC) ഇടുന്നതിന് അനുമതിക്കായി അപേക്ഷിക്കുന്ന ടെലികോം സേവന ദാതാക്കളിൽ നിന്ന് റൈറ്റ് ഓഫ് വെ ( RoW) പെർമിഷനുവേണ്ടി ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് നിശ്ചയിച്ചിട്ടുള്ള കിലോമീറ്ററിന് 75000/- രൂപ എന്ന നിരക്കിൽ One Time Contribution ഉം കാലാകാലങ്ങളിൽ പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിലുള്ള റോഡ് കട്ടിംഗ് & റീസ്റ്റോറേഷൻ ചാർജ്ജുമാണ് ഈടാക്കേണ്ടതെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ One Time Contribution തുക ഈടാക്കാതെയാണ് അനുമതി ( എ3- 3441/18 തിയതി. 15.12.2018) നൽകിയിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിലും ഗ്രാമപഞ്ചായത്തിന് 2,77,500/- രൂപ ( 3.7 X 75000) നഷ്ടം സംഭവിച്ചിട്ടുണ്ട് .

സർക്കാർ നിർദ്ദേശം അനുസരിച്ചുള്ള റോഡ് കട്ടിംഗ് & റീസ്റ്റോറേഷൻ/ റൈറ്റ് ഓഫ് വേ ചാർജ്ജ് ( പൊതുമരാമത്ത് വകുപ്പും ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പും നിശ്ചയിച്ച നിരക്കിൽ) ഈടാക്കാത്തതുവഴിയുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | റോഡ് കട്ടിംഗ് & റീസ്റ്റോറേഷൻ ചാർജ്ജിലെ കുറവ് | 28,53,470/- |
| 2 | One Time Contribution (3.7X 75000) | 2,77,500/- |
| ആകെ | | 31,30,970/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.18 /03.09.2019 ) “മുഴുനീളത്തിൽ ട്രഞ്ച് താഴ്ത്തിയ വിധത്തിലല്ല വർക്ക് ചെയ്യുന്നത് എന്നതിനാലാണ് ഇത്തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ”എന്ന മറുപടിയാണ് നൽകിയത്. ആയത് പഞ്ചായത്ത് ഫണ്ടിന് വ്യക്തമായ നഷ്ടം ഉണ്ടാവുമെന്നതിനാൽ അംഗീകരിക്കാവുന്നതല്ല.സ്വകാര്യ കമ്പനികളുടെ ഒ.എഫ്.സി കേബിളുകൾക്ക് അനുമതി നൽകുന്ന സംഗതികളിൽ റോഡുകളുടെ കട്ടിംഗ് ,റിസ്റ്റോറേഷൻ എന്നിവയുടെ ഫീ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നടപ്പിലാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2018-19 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി ഡിമാൻറ് ഇനത്തിലുള്ള വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1). തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

**ഹാർവസ്റ്റ് പബ്ലിക് സ്കൂൾ, വെളിയഞ്ചേരി എന്ന സ്ഥാപനത്തിലെ താഴെപ്പറയുന്ന ജീവനക്കാരനിൽ നിന്ന് 2018-19 ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു.**

| ക്രമ നമ്പർ | ജീവനക്കാരൻ | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | സുരേഷ് ബാബു, പ്രിൻസിപ്പാൾ | 144000 | 1250 | 750 | 500 |
| 2 | ജ്യോതി.എ.കെ, ടീച്ചർ | 96492 | 750 | 600 | 150 |
| 3 | സ്വപ്ന.കെ, ടീച്ചർ | 96492 | 750 | 600 | 150 |
| 4 | സുനിത.എം, ടീച്ചർ | 90000 | 750 | 600 | 150 |
| 5 | ഹസീന.ടി, ടീച്ചർ | 90000 | 750 | 600 | 150 |
| 6 | രാധാമണി, ടീച്ചർ | 60000 | 600 | 300 | 300 |
| 7 | ഇന്ദു.കെ, ടീച്ചർ | 42000 | 300 | 180 | 120 |
| ആകെ | | | | | 1520 |

ഒരേ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നുതന്നെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതിനാൽ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ പരിശോധിച്ച് മതിയായ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ശ്രദ്ധിക്കുന്നില്ലെന്ന് വ്യക്തമാകുന്നു.

2.തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ,അല്ലാതെയോ 60 ദിവസം വരുമാനം ആർജ്ജിക്കുന്ന ഓരോ വ്യക്തിയും/ സ്ഥാപനവും ആ ഗ്രാമപഞ്ചായത്തിൽ അതാത് അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ |
| 2 | റേഷൻ കടകൾ |
| 3 | എം.ടി.ആർ ക്വാറി |
| 4 | ബേബി ക്യൂ, റെഡിമെയ്ഡ് ഡ്രസ് നിർമ്മാണ യൂണിറ്റ് |
| 5 | ഹൈറോക്ക് എംസാന്റ് യൂണിറ്റ് |
| 6 | സീമാൻസ് ഗാർമെന്റ്സ് |

3. ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന ജീവനക്കാർക്ക് തനതു ഫണ്ടിൽ നിന്ന് ശമ്പള കുടിശ്ശിക അനുവദിച്ചിട്ടുണ്ട്.

| ജീവനക്കാരന്റെ പേര് / തസ്തിക | തുക / വൌച്ചർ നമ്പർ | ഈടാക്കേണ്ട നികുതി |
|---|---|---|
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1,29,500/-<br>വൌച്ചർനം- 2180038/19.04.2018<br>01.09.2017 മുതൽ 31.03.2018 വരെയുള്ള കുടിശ്ശിക | 1250/- |

| | | |
|---|---|---|
| റീനുമോൾ .ടി.പി, ലാബ് ടെക്നീഷ്യൻ | 36900/-രൂപ<br>വൌച്ചർ നം-21800277/20.08.2018 | 300/- |

ആയതിന് തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15 /02.09.2019 ) മറുപടി ലഭ്യമാക്കിയില്ല.

# 1-15 ഭേദഗതി പ്രകാരമുള്ള പുതുക്കിയ ലൈസൻസ് ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമ പഞ്ചായത്തിന് ചുമത്താവുന്നതാണ്. 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നാളിതുവരെയും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള 103 സ്ഥാപനമുടമകളിൽ നിന്നായി 39000/- രൂപ ലൈസൻസ് ഫീസിനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ഏത് മാനദണ്ഡ പ്രകാരമാണ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധ രേഖകളിലോ പരിശോധനാ റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടുമില്ല. പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കാൻ സാധിച്ചിട്ടില്ല. ലൈസൻസ് അപേക്ഷകളിൻമേൽ എപ്രകാരമാണ് ഫീസ് ഈടാക്കിയിട്ടുള്ളത് എന്ന് വ്യക്തമല്ല.

ഭേദഗതി പ്രകാരമുള്ള പുതുക്കിയ ലൈസൻസ് ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/31.08.2019) ന് ഭേദഗതി പ്രകാരമുള്ള നിരക്ക് സംബന്ധിച്ച് ഭരണസമിതി തീരുമാനമില്ലാത്തതിനാൽ 1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിധേയമായിട്ടാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് മറുപടി നൽകി.ഇതു സംബന്ധിച്ച് ഭരണസമിതി അടിയന്തിരമായി മേൽനടപടി സ്വീകരിക്കേണ്ടതാണ്

# 1-16 രശീതി ബുക്കുകളുടെ ഉപയോഗം- അപാകതകൾ

2018-19 വർഷത്തിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഉപയോഗിച്ച രശീതി ബുക്ക് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകളുള്ളതായി കാണുന്നു.

1. കൃഷി ഓഫീസർ , വെറ്ററിനറി സർജൻ എന്നിവർ നൽകുന്ന പല രശീതികളിലും തിയ്യതി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ കളക്ഷൻ തുക യഥാസമയം ഫ്രണ്ട് ഓഫീസിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനാവുന്നില്ല.

2.വെറ്ററിനറി സർജൻ 2018-19 വർഷത്തിൽ ഉപയോഗിച്ച 32103 നമ്പർ ബുക്കിലെ രശീതികളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. വെറ്ററിനറി സർജൻ നിർവഹണം നടത്തിയ കറവപ്പശുക്കൾ കാലിത്തീറ്റ – ജനറൽ, കറവപ്പശുക്കൾ കാലിത്തീറ്റ – വനിത എന്നീ പദ്ധതികൾക്കായി ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനാണ് 32103 നമ്പർ രശീതി ബുക്കിലെ 1 മുതൽ 6 വരെയുള്ള രശീതികൾ ഉപയോഗിച്ചിട്ടുള്ളത്. പുളിയക്കോട് കെ.എസ്.എസ് സെക്രട്ടറി ഗുണഭോക്താക്കളിൽ നിന്ന് ( കറവപ്പശുക്കൾ കാലിത്തീറ്റ പദ്ധതി - പെർമിറ്റ് ഉപയോഗിച്ച്) തുക കളക്ട് ചെയ്ത് വെറ്ററിനറി സർജന് നൽകുകയാണ് ചെയ്തിട്ടുള്ളത് . പരിശോധനക്ക് ഹാജരാക്കിയ കളക്ഷൻ രജിസ്റ്ററിൽ തിയ്യതി. ഗുണഭോക്താവിന്റെ പേര് , തുക എന്നീ വിവരം

രേഖപ്പെടുത്തിയിട്ടില്ല. പെർമിറ്റ് നമ്പർ 501 മുതൽ 590 വരെ ( 589 ക്യാൻസൽഡ്), 601 മുതൽ 650 വരെ എന്നിവ പ്രകാരം 19.02.2019 ന് കളക്ട് ചെയ്ത് 32103/6 രശീതി പ്രകാരം വെറ്ററിനറി സർജന് നൽകിയ 1140/- രൂപ നിരക്കിൽ 139 പേരുടെ വിഹിതം 1,58,460/- രൂപ 27.02.2019 നാണ് ഫ്രണ്ട് ഓഫീസിൽ അടവാക്കിയിട്ടുള്ളത് (118030104129/27.02.2019-67260/-രൂപ, 118030104130/27.02.2019 - 91200/-രൂപ). വെറ്ററിനറി സർജൻ കെ.എസ്.എസ് സെക്രട്ടറിക്ക് നല്കിയ രശീതിയിലും തിയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വരവ് തുക യഥാസമയം അടവാക്കാതിരുന്നതിന് കാരണം വ്യക്തമല്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

<u>3. കളക്ഷൻ തുക യഥാസമയം അടവാക്കിയില്ല.</u>

ഔട്ട് ഡോർ കളക്ഷൻ തുക അതാതുദിവസം തന്നെ ഫ്രണ്ട് ഓഫീസിൽ അടവാക്കേണ്ടതാണ്. എന്നാൽ വരവ് തുക യഥാസമയം അടവാക്കിയിട്ടില്ല. ചില സന്ദർഭങ്ങളിൽ ദിവസങ്ങളോളം തുക കൈവശം സൂക്ഷിച്ചതായും കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചേർക്കുന്നു.

| രശീതി നമ്പർ | കളക്ഷൻ തിയതി | തുക | അടവാക്കിയ തിയതി |
|---|---|---|---|
| 32107/9 മുതൽ 37 വരെ | 06.01.2019 | 9184/- | 118030103559/10.01.2019 |
| 32107/44മുതൽ 60 വരെ | 11.01.2019 | 6079/- | 118030103584/14.01.2019 |
| 32110/32മുതൽ 38 വരെ | 16.02.2019 | 5052/- | 118030103994/18.02.2019 |
| 32115/1 മുതൽ 7 വരെ | 02.03.2019 | 1888/- | 118030104193/05.03.2019 |
| 32115/29 മുതൽ 43 വരെ | 06.03.2019 | 6039/- | 118030104254/08.03.2019 |
| 12000/28 മുതൽ 47 വരെ | 09.11.2018 | 14289/- | 118030101987/12.11.2018 |

വരവ് തുക യഥാസമയം അടവാക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്. അപാകതകൾ സൂചിപ്പിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി 22/04.09.2019 നൽകി. കളക്ഷൻ തുക മുഴുവനായും അന്നേ ദിവസം തന്നെ അടവാക്കിയിട്ടുണ്ടെന്നും ഗുണഭോക്തൃ വിഹിതം അടവാക്കുന്നതിന് കർഷകർ ഒരുമിച്ച് എത്തിയതിനാൽ ക്ലറിക്കൽ പിഴവുമൂലമാണ് ആദ്യ രശീതികളിൽ ഈ പിഴവ് സംഭവിച്ചതെന്നും മേലിൽ ഇത്തരം തെറ്റുകൾ ഒഴിവാക്കുന്നതാണെന്നും കൃഷി ഓഫീസർ മറുപടി നൽകി.അപാകതകൾ ആവർത്തിക്കാതിരിക്കാൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

# 1-17 തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ പർച്ചേസ് അപാകതകൾ

2017-18 ലെ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റിരിയൽ പർച്ചേസ് നടത്തിയതിന് 2018-19 സാമ്പത്തിക വർഷത്തിൽ തുക (ഇ.എഫ് .എം.എസ് മുഖേന 28.4.2018 ന് ) അനുവദിച്ചിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു

| പ്രവൃത്തി/കോൺട്രാക്ടർ | തുക | ടാക്സ്/ ജി.എസ്.ടി |
|---|---|---|
| മാസപ്പടി എെ.ടി.സി പ്പടി റോഡ് /മുഹമ്മദ് അക്ബർ വേമുള്ളി | 369762 | 41830 |
| പൂക്കാടി നടപ്പാത കോൺക്രീറ്റ്/ മുഹമ്മദ്അക്ബർ വേമുള്ളി | 399099 | 44996 |
| വെസ്റ്റ് എടപ്പറ്റ രാമൻതുരുത്തി റോഡ് കോൺക്രീറ്റ് / സനാഹുള്ള അരിമണൽ | 145558 | 16469 |
| കൊടപ്പനക്കുന്ന് നടപ്പാത കോൺക്രീറ്റ് /സനാഹുള്ള അരിമണൽ | 67041 | 7518 |
| | | |

| | | |
|---|---|---|
| മസ്താൻപ്പടി സ്കൂൾ റോഡ് കോൺക്രീറ്റ് /സനാഹുള്ള അരിമണൽ | 311596 | 34665 |
| ആകെ | ~~1293056~~ | |

മേൽ തുകയ്ക്ക് മെറ്റൽ ,സിമന്റ് ,ക്വാറി മക്ക് ,എം സാന്റ് എന്നിവ ടെൻണ്ടർ മുഖേന ലഭ്യമാക്കി വിതരണം ചെയ്തതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1.കോൺട്രാക്ടർ ഹാജരാക്കിയ ബില്ലുകൾ ജി.എസ്.ടി രേഖപ്പെടുത്തിയ ഇലക്ട്രോണിക്ക് ബില്ലുകൾ അല്ല.
2.ബില്ലിൽ ഈടാക്കിയ ജി.എസ്.ടി അടവാക്കിയ ഇ.വേ ബിൽ ഹാജരാക്കിയിട്ടില്ല

3.ബിൽതുകയുടെ 1% ആദായ നികുതി (12930/-)ഈടാക്കി അടവാക്കിയിട്ടില്ല (ബില്ലിൽ പാൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ല)ടി തുക കോൺട്രാക്ടർക്ക് അധികമായി നൽകിയതിനാൽ നിർവ്വഹണോദ്യോഗസ്ഥൻെറ ബാദ്ധ്യതയായി കാണക്കാക്കുന്നു.മേൽ ചേർത്തിട്ടുള്ള പരാമർശങ്ങളിൻമേൽ നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ റക്ടിഫിക്കേഷൻ റിപ്പോർട്ട് സമർപ്പിക്കാത്ത പക്ഷം അല്ലെങ്കിൽ കൈക്കൊണ്ട പരിഹാര നടപടി സ്വീകാര്യമല്ലാത്ത പക്ഷം KLFA Act 1994 ,KLFA Rules 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് ..ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം -10/18-19/31.8.2019) ജി.എസ് .റ്റി അടവാക്കിയ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട് .ആദായ നികുതി ഈടാക്കി അടവാക്കാമെന്ന് അറിയിച്ചിട്ടുണ്ട് .തുടർനടപടി വിവിരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# 1-18 മൊബൈൽ ടവർ - പെർമിറ്റ് അനുവദിച്ചതിൽ അപാകത

പഞ്ചായത്ത് പരിധിയിൽ മൊബൈൽ ടവർ നിർമ്മാണത്തിനായി പെർമിറ്റ് അനുവദിക്കുമ്പോൾ പെർമിറ്റ് ഫീസ് 10,000/- , അപേക്ഷാ ഫീസ് 1000/-, മൊബൈൽ ടവറുകളുടെ Pole structure ന്റെ നിർമ്മാണത്തിന് (ഉണ്ടെങ്കിൽ മാത്രം) 2,500/- , മൊബൈൽ ടവറുകളുടെ അനുബന്ധമുറികളുടെ നിർമ്മാണത്തിന് പ്രത്യേകം അപേക്ഷാ ഫീസ് വേണ്ട എന്നാൽ പെർമിറ്റ് ഫീസ് ഒരു യഥാർത്ഥ കെട്ടിടത്തിന് ബാധകമായ രീതിയിൽ ഈടാക്കേണ്ടതാണ്. (2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം)

2018-19 വർഷത്തിൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് മൂന്ന് മൊബൈൽ ടവർ നിർമ്മാണത്തിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പെർമിറ്റ് | റിമാർക്സ് |
|---|---|---|
| 1 | A1BA(154463)/2018/17.05.2018<br>Tower -<br>21.62m2<br>DG - 3.00 m2<br>ODBTS - 3.20 m2<br>Valid Upto 20.07.2019 | ഓഡിറ്റ് തിയതി വരേയും നിർമ്മാ ണം പൂർത്തിയാക്കി നമ്പർ അനുവ ദിച്ചിട്ടില്ല. |
| 2 | A1BA(109428)/2018Date17.05.2018<br>Tower - 21.62<br>DG - 1.80 m2<br>ODBTS - 1.05 m2<br>Valid Upto -01.06.2019 | ഓഡിറ്റ് തിയതി വരേയും നിർമ്മാ ണം പൂർത്തിയാക്കി നമ്പർ അനുവദി ച്ചിട്ടില്ല. |
| 3 | A1BA(154507)/2018/17.05.2018<br>Tower - 21.62<br>DG - 1.80 m2<br>ODBTS - 1.05 m2 | ഓഡിറ്റ് തിയതി വരേയും നിർമ്മാ ണം പൂർത്തിയാക്കി നമ്പർ അനുവദി ച്ചിട്ടില്ല. |

| | | |
|---|---|---|
| | Valid Upto 20.07.2019 | |

എന്നാൽ പെർമിറ്റ് അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

മൊബൈൽ ടവറുകളുടെ അനുബന്ധമുറികളുടെ നിർമ്മാണത്തിന് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. എന്നാൽ പെർമിറ്റിന്റെ കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം, അസൽ പെർമിറ്റിന്റെ നിലവിലുള്ള ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ക്രമ നമ്പർ 1, 3 എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി കംപ്ലീറ്റഡ് പ്ലാൻ സഹിതം 05.07.2019 ന് അപേക്ഷ സമർപ്പിച്ചെങ്കിലും ഓവർസിയർ പരിശോധിച്ച് താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

a) സൈറ്റിലെ അളവും പ്ലാനിലെ അളവും വ്യത്യാസമുണ്ട്.

b)KPBR 123 പ്രകാരമുള്ള സുരക്ഷാ ഭിത്തി സ്ഥാപിച്ചിട്ടില്ല.

c) KPBR 124 പ്രകാരമുള്ള മിന്നൽ രക്ഷാ ചാലകം സ്ഥാപിച്ചിട്ടില്ല.

d)KPBR 125(1) പ്രകാരമുള്ള ഏവിയേഷൻ ലൈറ്റ് സ്ഥാപിച്ചിട്ടില്ല.

e)KPBR 125(2) പ്രകാരമുള്ള പെയ്ന്റ് ചെയ്തിട്ടില്ല ( Orange & White)

അപാകത പരിഹരിക്കുന്നതിന് 17.07.2019 ന് കത്ത് നൽകിയിട്ടുണ്ടെങ്കിലും പരിഹരിച്ചതായി റിപ്പോർട്ട് ചെയ്യുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ക്രമ നമ്പർ 2 ൽ അപേക്ഷകൻ ഒരു വർഷത്തിനുള്ളിൽ പെർമിറ്റ് പുതുക്കുകയോ, പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21 /04.09.2019 ) അപാകത പരിഹരിച്ച് സമർപ്പിക്കുന്ന മുറക്ക് ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് മറുപടി നൽകിയിട്ടുണ്ട് .തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പ്രിന്റിംഗ് പ്രവൃത്തികൾക്ക് തുക നൽകിയതിൽ ജി.എസ്.ടി ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിലെ ആവശ്യത്തിനായി വിവിധ പ്രിൻറിങ് ജോലികൾ ടെൻണ്ടർ മുഖേന ചെയ്തതിന്ന് ശ്രീ.മെയ്തീൻ , തയ്യിൽപ്രിന്റേഴ്സ് -എന്ന സ്ഥാപനത്തിന്ന് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്

| വൌച്ചർ നം /തീ | തുക |
|---|---|
| 21800858/22.3.2019 | 74041 |
| 21800351/22.10.2018 | 18501 |
| 21800299/06.9.2018 | 15488 |
| 21800149/18.6.2018 | 22998 |
| ആകെ | 131028 |

മേൽ ബില്ലുകൾ പരിശോധിച്ചതിൽ ജി.എസ്.ടി, ആദായനികുതി രേഖപ്പെടുത്തൽ ഇല്ലാത്ത ബില്ലുകളാണെന്ന് കണ്ടുന്നു.പ്രിൻറിങ് പ്രവർത്തികൾക്ക് നിയമാനുസൃത ജി.എസ്.റ്റി 18% (CGST-9%+SGST-9%) അടവാക്കിയതിൻെറ രേഖകൾ ഹാജരാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-11/18-19/30.8.2019)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 ഡെപ്പോസിറ്റ് വർക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ

നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ് ചെലവ് തുക തടസ്സപ്പെടുത്തുന്നു

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 6/19-വിവധ വാർഡിൽ സ്ട്രീറ്റ് മെയിൻ | 25/18-19/17.1.2019 | 481012 | 0 | 481012 |
| KSEB | 322/19-വിവധ വാർഡിൽ സ്ട്രീറ്റ് മെയിൻ | 36/18-19/17.1.2019 | 635000 | 0 | 635000 |
| | | | | ആകെ | 1116012 |

## 1-21 1.10.2018 ന് ശേഷമുള്ള വർക്ക് ബില്ലുകളിൽ നിന്ന് T.D.S ഈടാക്കി അടവാക്കിയിട്ടില്ല

കേന്ദ്രസർക്കാർ സർക്കുലർ നം-65/39/2018/14.9.2018 DOR പ്രകാരം 250000/-രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റുള്ള പ്രവർത്തികൾക്ക് 2% TDS ഉറവിടത്തിൽ തന്നെ ഈടാക്കി (GSTR-7 റിട്ടേൺ മുഖേന )അടവാക്കേണ്ടതുണ്ട് (1.10.2018 മുതൽക്കുള്ള വർക്ക് ബില്ലുകൾക്ക് )എന്നാൽ താഴെപ്പറയുന്ന പ്രവർത്തികളിൽ ആയത് ഈടാക്കി അടവാക്കിയതായി കാണുന്നില്ല.അടവ് വിവരം ലഭ്യമാക്കാത്ത പക്ഷം ആയത് നിർവ്വഹണോദ്യോഗസ്ഥൻെറ നഷ്ടോത്തരവാദിത്വമായി കണക്കാക്കുന്നതാണ്.

വിശദവിവരം ചുവടെ ചേർക്കുന്നു

| പ്രൊജക്ട്/പ്രവർത്തി | ബിൽനം/തുക | കോൺട്രാക്ടർ | ടി.ഡി.എസ് |
|---|---|---|---|
| (1)119/19-പടിക്കൽ പറമ്പ് മുള്ളത്ത് പടി റോഡ് | 100/18-19/12.2.19<br>292849/-രൂപ<br>(IT-2928,W.F-2928) | മുഹമ്മദ് ഏറാടൻ<br>എംബുക്ക്71/18-19<br>അടങ്കൽ 300000/- | 5856 |
| (2)164/19 -പെഴുംതറ പൂച്ചപ്പാറ പാത്തിക്കൽ റോഡ് | 53/18-1915.12.18<br>298707/-രൂപ<br>(IT-2987,W.F-2987) | അബ്ദുറഹ്മാൻഷാഫി<br>എംബുക്ക്15/18-19<br>അടങ്കൽ 300000/- | 5974 |
| (3)264/19അംഗനവാടികൾക്ക് ടോയ്ലറ്റ് നിർമ്മാണം(തനത്) | വൌച്ചർ നം-218000418/12.11.19<br>287858/രൂപ<br>(IT-2878,W.F-2878) | സുരേഷ് കുമാർ<br>എംബുക്ക്18/18-19<br>അടങ്കൽ 300000/- | 5756 |
| (4)265/19-പഞ്ചായത്ത് കോമ്പൌണ്ടിൽ സാനിറ്ററി യൂണിറ്റ് | വൌച്ചർ നം-218000417/12.11.19<br>228626/രൂപ<br>(IT-2286,W.F-2286)വ | മുഹമ്മദ്ഷഫീക്ക്<br>എംബുക്ക്21/18-19<br>അടങ്കൽ 490000/- | 4572 |
| | | ആകെ | 22158 |

മേൽ ചേർത്തിട്ടുള്ള പരാമർശങ്ങളിൻമേൽ നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ റക്ടിഫിക്കേഷൻ റിപ്പോർട്ട് സമർപ്പിക്കാത്ത പക്ഷം അല്ലെങ്കിൽ കൈക്കൊണ്ട പരിഹാര നടപടി സ്വീകാര്യമല്ലാത്ത പക്ഷം KLFA Act 1994 ,KLFA Rules 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് .ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം-19/18-19/4.9.2019)മറുപടി ലഭ്യമാക്കിയിട്ടില്ല.തുക22158/-രൂപയുടെ അടവ് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 കറവപശുക്കൾക്ക് കാലിത്തീറ്റ-അപാകതകൾ

2018-19 വർഷത്തിൽ വെറ്റിനറി സർജൻ നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം (ജനറൽ, വനിത ) പ്രോജെക്ടുകളുടെ നിർവ്വഹണ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമനമ്പർ 1

| | |
|---|---|
| പ്രോജെക്ട് നമ്പർ | 140/18-19 |
| പ്രോജെക്ടിന്റെ പേര് | കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം(ജനറൽ) |
| അടങ്കൽ | വികസനഫണ്ട് -291000<br>തനത് ഫണ്ട് -6000<br>മറ്റുള്ളവ -315650<br>ആകെ -612650 |
| ചെലവ് | 1വികസനഫണ്ട് -291000<br>ബിൽ നമ്പർ-6/18-19 /22-1-2019 -177000/- രൂപ<br>ബിൽ നമ്പർ-10/18-19 /5-3-19 - 55000/- രൂപ<br>ബിൽ നമ്പർ 8/18-19 / 15-2-19 -59000/- രൂപ<br>2തനത്ഫണ്ട്-ചെ.നം-1611939 /28.3.19-4000 രൂപ<br>3 ഗുണഭോക്തൃ വിഹിതം - 310930/ രൂപ |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 1. വികസന സ്റ്റാന്റിംഗ് കമ്മിറ്റി 1(1)/1-2-19 |

| | |
|---|---|
| പ്രോജെക്ട് നമ്പർ | 149/18-19 |
| പ്രോജെക്ടിന്റെ പേര് | കറവപശുക്കൾക്ക് കാലിത്തീറ്റവിതരണം(വനിത) |
| അടങ്കൽ | വികസനഫണ്ട് -400000<br>തനത് ഫണ്ട് -3000<br>മറ്റുള്ളവ -420000<br>ആകെ -823000 |
| ചെലവ് | 1വികസനഫണ്ട് -400000<br>ബിൽ നമ്പർ-5/18-19/22-1-19 - 230000/രൂപ<br>ബിൽ നമ്പർ-9/18-19/15-2-19 - 80000/രൂപ<br>ബിൽ നമ്പർ 11/18-19/ 7-3-19 - 90000 രൂപ<br>2ഗുണഭോക്തൃ വിഹിതം-- - 420000 രൂപ |
| | |

| | |
|---|---|
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | വികസന സ്റ്റാന്റിംഗ് കമ്മിറ്റി 1(1)/28-11-18 |

പദ്ധതി പ്രകാരം ഒരു പശുവിന് 2 ചാക്ക് (100/kg) കാലിത്തീറ്റ വീതം 5മാസത്തേക്ക് നൽകാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്നാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്.ഓരോ മാസത്തേക്കും ആവശ്യമായ കാലിത്തീറ്റ ഇന്റന്റ് ചെയ്ത് മിൽക്ക് സൊസൈറ്റിയിൽ ഇറക്കുകയും വെറ്റിനറി സർജൻ നൽകുന്ന പെർമിറ്റ് പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് തീറ്റ വിതരണം ചെയ്ത് സൊസൈറ്റി സെക്രട്ടറി ഗുണഭോക്തൃവിഹിതം കൈപ്പറ്റി വെറ്റിനറി സർജൻ മുഖേന പഞ്ചായത്തിൽ അടവാക്കുന്നു.ഇൻവോയ്സ് പ്രകാരം തീറ്റ വാങ്ങിയ ഗുണഭോക്താക്കൾക്കുടെ സബ്സിഡിയും ഗുണഭോക്തൃ വിഹിതവും കേരള ഫീഡ്സിനു നൽകുന്നു.

മേൽ പ്രോജെക്ടുകളുടെ നിർഹണത്തിൽ വന്നിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1 പല അപേക്ഷകളും ശരിയായി പൂരിപ്പിക്കുകയും ചെയ്തിച്ചില്ല.പലതിലും അപേക്ഷകന്റെ ഒപ്പില്ല.

2 അപേക്ഷകർക്ക് ആനുകൂല്യം നൽകാവുന്നതാണെന്ന് നിർവഹണഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4 ക്ഷീരോല്പാദക സഹകരണസംഘങ്ങൾ കേരള സഹകരണസംഘം ആക്ട് 1969 പ്രകാരം രജിസ്റ്റർ ചെയ്തതാണോ, ക്ഷീരവികസന വകുപ്പ് അംഗീകരിച്ചതാണോ എന്നു വ്യക്തമല്ല.

7 ഗ്രാമപഞ്ചായത്തിൽ തൻവർഷം മൂന്ന് ക്ഷീരോല്പാദക സഹകരണസംഘങ്ങൾ ഉണ്ടായിരുന്നു.പുളിയക്കോട് ക്ഷീരോല്പാദക സഹകരണസംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്തത് എന്ന് വെറ്റിനറി സർജൻ മറുപടി നൽകിയിട്ടുണ്ട്.പ്രസ്തുത ക്ഷീരസംഘം വഴി കേരളഫീഡ്സിൽ നിന്നും കാലിത്തീറ്റ ഇറക്കി ക്ഷീരോല്പാദക സഹകരണസംഘം വഴി വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പടെയുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ ലഭ്യമായോ എന്നു പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

8 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് നിർവഹണഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/3-9-19 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന് ആധാരമായ രേഖകൾ ഹാജരാക്കാത്തതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല.ആയതിനാൽ ക്രമനമ്പർ 1 പ്രോജെക്ട് പ്രകാരമുള്ള 2,95,000 രൂപയും ക്രമനമ്പർ 2 പ്രോജെക്ട് പ്രകാരമുള്ള 4,00,000 രൂപയും ഉൾപ്പടെ 6,95,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 1-23 സാക്ഷരത തുല്യതാ പരീക്ഷ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| വർഷം | 2018-19 |
| പ്രോജെക്ട് നമ്പർ | 23/18-19 |
| പ്രോജെക്ടിന്റെ പേര് | സാക്ഷരതാ തുല്യതാ പരീക്ഷ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| ചെലവിന്റെ വിശദാംശം | 1 വികസന ഫണ്ട്-73750 രൂപ<br>ബിൽ നമ്പർ 2/18-19 /20-3-19<br>2 തനത് ഫണ്ട് -25000 രൂപ<br>ചെക്ക് നമ്പർ -161930/16-3-19<br>ആകെ -98750 രൂപ |

പത്താംതരം തുല്യതയ്ക്ക് 25 കുട്ടികളുടെ രജിസ്ട്രേഷൻ ഫീസ് 43750 രൂപയും ഹയർസെക്കൻഡറി തുല്യതാ പരീക്ഷയ്ക്കായി 25 കുട്ടികളുടെ രജിസ്ട്രേഷൻ ഫീസ് 55000 രൂപയും ഉൾപ്പടെ 98750 രൂപ സംസ്ഥാന സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്. മേൽ തുക കൈപ്പറ്റിയ രശീതിയും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ- 5/18-19/31-3-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 98,750 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ. അപാകതകൾ

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി )നിർവ്വഹണം നടത്തുന്നതിനായി നാല് പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുകയും നിർവ്വഹണം നടത്തുകയും ചെയ്തിട്ടുണ്ട്. ആകെ വകയിരുത്തിയ തുകയുടെ 83.4 ശതമാനം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | പ്രോജക്ട് | വകയിരുത്തിയ തുക | ചെലവ് | ഫണ്ട് |
|---|---|---|---|---|
| 1 | 08/2019 പരിരക്ഷ | 438302 | 317902 | Plan Gen |
| 2 | 10/2019 രോഗ പ്രതിരോധ കുത്തിവെപ്പ്. വാഹന വാടക | 61200 | 61200 | തനത് ഫണ്ട് |
| 3 | 12/2019 പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ | 200000 | 200000 | MG-NR |
| 4 | 13/2019 ലാബ് ടെക്നീഷ്യൻ . വേതനം | 88650 | 88650 | തനത് ഫണ്ട് |

മേൽ പ്രോജക്ട് നിർവഹണ ഫയലുകൾ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ വസ്തുതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. പരിരക്ഷ പ്രോജക്ടിന്റെ ഭാഗമായി മാറിയ 25000 രൂപയുടെ 08/17.12.2018 ബിൽ മരുന്ന് വാങ്ങുന്നതിന് KMSCL ന് നൽകിയതാണ്. Prf 3109/07.12.2018 പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് മുൻകൂറായി തുക അടവാക്കിയത്. എന്നാൽ , മരുന്നുകൾ ലഭ്യമായ വിവരം , ഒറിജിനൽ ഇൻവോയ്സ് എന്നിവ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

2.രോഗ പ്രതിരോധ കുത്തിവെപ്പ് നടത്തുന്നതിന് വാഹന വാടക ഇനത്തിൽ ചെലവ് വരുന്ന തുക അനുവദിക്കാവുന്നതിന് തനത് ഫണ്ട് 61200 രൂപയാണ് വകയിരുത്തിയത്. ഇത്രയും തുക ചെലവ് ചെയ്തതായും ഫയലിൽ നിന്ന് വ്യക്തമാവുന്നു. നിർവഹണ ഉദ്യോഗസ്ഥന്റെ ക്യാഷ് ബുക്ക് പ്രകാരവും മുഴുവൻ തുകയും ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ചെലവ് പത്രികയിൽ 51000 രൂപ മാത്രമാണ് ചെലവ് ബുക്ക് ചെയ്തിട്ടുള്ളത് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. ചെലവ് വിവരം താഴെ കൊടുക്കുന്നു.

| | ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | 1611902/27.11.2018 ട്രഷറി ചെക്ക് | 10200 |
| 2 | 1611919/15.01.2019 ട്രഷറി ചെക്ക് | 25500 |
| 3 | 1611931/16.03.2019 ട്രഷറി ചെക്ക് | 15300 |
| 4 | 207490/30.03.2019 കനറാ ബാങ്ക് ചെക്ക് | 10200 |
| ആകെ | | 61200 |

3. 12/2019 പ്രോജക്ടിന്റെ ഭാഗമായി ട്രഷറിയിൽ നിന്ന് പിൻവലിച്ച 200000 രൂപയുടെ 05/10.12.2018 ബിൽ ആശുപത്രിയിലേക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് KMSCL ന് നൽകിയതാണ്. Prf 3108/07.12.2018

പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് 24 ഇനം മരുന്നുകൾക്കായി മുൻകൂറായി തുക അടവാക്കിയിട്ടുള്ളത്. എന്നാൽ മരുന്നുകൾ ലഭ്യമായ വിവരം , ഒറിജിനൽ ഇൻവോയ്സ് എന്നിവ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

4.13/2019 പ്രോജക്ടിന്റെ ഭാഗമായി പിൻവലിച്ച തുക പി.എച്ച്.സി യിലെ ലാബ് ടെക്നീഷ്യന് വേതനം നൽകുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ വിശദാംശങ്ങൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. പഞ്ചായത്ത് തീരുമാനം, തസ്തികയുടെ സ്വഭാവം എന്നിവ ഉൾപ്പെടുന്ന ഫയൽ സൂക്ഷിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

അപാകത സൂചിപ്പിച്ച് നൽകിയ 9 /31.08.2019 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ക്രമ നമ്പർ 1,3 പ്രകാരം സൂചിപ്പിച്ച മരുന്നുകൾ ലഭ്യമായിട്ടില്ലെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. എന്നാൽ പി.എച്ച്.സി യിലെ ലാബ് ടെക്നീഷ്യന്റെ നിയമനം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 225000/- രൂപ തടസ്സം ചെയ്യുന്നു.

# 1-25 വേങ്ങശ്ശേരി ചോലക്കുളം റോഡ്-രേഖകളിലും രേഖപ്പെടുത്തലിലും പൊരുത്തക്കേടുകൾ

പഞ്ചായത്തിലെ വേങ്ങശ്ശേരി ചോലക്കുളം റോഡ് പ്രവർത്തി സ്പിൽ ഓവർ പ്രോജക്ടായിട്ടാണ് നിർവഹിച്ചിട്ടുള്ളത്. കൺവീനർ വർക്കായി നിർവഹണം നടത്തിയ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.അളവ് പുസ്തകത്തിൽ വർക്കിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ബ്ളോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആകെ ചെയ്ത പ്രവൃത്തിയുടെ അറ്റതുക 141574/- രൂപ എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കൺവീനർക്ക് നൽകേണ്ട തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ “Memmorandum of Payment”എംബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ ഒരു വർക്ക് ഫയലിൽ പോലും ഇപ്രകാരം “Memmorandum of Payment” രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

2.ക്യാഷ് ബുക്കിൽ TR 17/29.05.2018 പ്രകാരം ഈ വർക്കിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയത് ഇപ്രകാരമാണ്. ആകെ പ്രവർത്തിമൂല്യം 141574, ആദായ നികുതി 1416, വെൽഫയർ ഫണ്ട് 1416, നികുതികൾ കുറവ് ചെയ്ത് കരാറുകാരന് നൽകിയത് 138742/-രൂപ

3.ബിൽ ബുക്ക് പ്രകാരം ബിൽ 17/28.05.2018 പ്രാകരം ഈ വർക്കിനായി ആകെ 141574 രൂപയിൽ 2831 രൂപ നികുതി ഇനത്തിൽ കുറവ് ചെയ്ത് 138743 രൂപ കൺവീനർക്ക് നൽകുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.

4.വർക്ക് ഫയലിൽ ഉള്ളടക്കം ചെയ്ത ബിൽ ഓ.സി യിൽ വ്യത്യസ്ഥമായ രീതിയിലാണ് തുക രേഖപ്പെടുത്തിയതായി കാണുന്നത്. 143292 രൂപ ആകെ വാല്യേഷൻ രേഖപ്പെടുത്തി , ആദായ നികുതി 2866 രൂപയും , 1433 രൂപ വെൽഫയർ ഫണ്ടും കുറവ് ചെയ്ത് 138993 രൂപ കൺവീനറുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം പരസ്പരം പൊരുത്ത പെടാത്ത ഫിഗറുകൾ രേഖപ്പെടുത്താനിടയായ സാഹചര്യം വിശദമാക്കേണ്ടതാണ്.

5. അളവ് പുസ്തകം 78/17-18 പ്രകാരം ആകെ പ്രവൃത്തി മൂല്യം 141574 രൂപയാണ്. ഇതിൽ നിന്ന് കൺവീനർ വർക്കായതിനാൽ രണ്ട് ശതമാനം ആദായനികുതി 2831 രൂപയും 1415 രൂപ വെൽഫയർ ഫണ്ടും കുറവ് ചെയ്ത് 137328 രൂപ മാത്രമേ കൺവീനർക്ക് നൽകേണ്ടതുള്ളൂ. എന്നാൽ 138993 രൂപ കൺവീനർക്ക് നൽകിയതായി കാണുന്നു. ഇപ്രകാരം രേഖകളിൽ കൃത്രിമം നടത്തി കൺവീനർക്ക് 1665 രൂപ അധികം നൽകിയതായി കാണുന്നു.

6.കൺവീനർ വർക്കുകൾക്ക് സർക്കാർ പരിധി നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ 50000 രൂപയിൽ കുറഞ്ഞ വർക്കുകൾ മാത്രമാണ് കൺവീനർ മുഖേന നിർവഹിക്കാൻ പാടുള്ളൂ. എന്നാൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല എന്ന് കാണുന്നു.

7.ഇടപാടുകളിൽ അടിസ്ഥാന രേഖയാണ് കരാർ. എന്നാൽ ഫയലിൽ ഉള്ളടക്കം ചെയ്ത കരാർ നിയമപരമായി നിലനിൽക്കുന്നതല്ല. വാസുദേവൻ കുണ്ടുകാവിൽ എന്ന വ്യക്തി 12.05.2017 ന് വാങ്ങിയ മുദ്രപത്രത്തിൽ 52/16-

17/Dtd 09.03.2017 കരാർ രേഖപ്പെടുത്തുന്നത് എങ്ങനെ എന്ന് വ്യക്തമാക്കേണ്ടതാണ്. മാത്രമല്ല, കരാർ പത്രത്തിൽ കൺവീനർ ഒപ്പ് വെക്കുകയോ സാക്ഷികൾ ഒപ്പ് വെക്കുകയോ ചെയ്തിട്ടില്ല. കൺവീനർ ഒപ്പ് വെയ്ക്കാത്ത "കരാറിൽ" എങ്ങനെയാണ് അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പ് വെച്ചത് എന്നും വ്യക്തമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 01/20.08.2019 പ്രകാരം അപാകത ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-26 വാട്ടർ ടാങ്ക് വാങ്ങി നൽകൽ- മുഴുവൻ തുകയും പ്ലാൻ വിഹിതത്തിൽ നിന്ന് പിൻവലിച്ചു.

പഞ്ചായത്തിലെ പട്ടിക ജാതി വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകുന്നതിനാണ് 22/2019 പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തുന്ന പ്രോജക്ടിന് ട്രഷറി ബിൽ 8/22.03.2019 പ്രകാരം 80000 രൂപ പിൻവലിച്ച് "Pearls Sport Acqua systems and solutions", Panakkad എന്ന് സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.പ്രോജക്ടിനായി തുക വകയിരുത്തിയത് ഇപ്രകാരമാണ്. SCP ഫണ്ട് 125000, തനത് ഫണ്ട് 1000 രൂപ, ഗുണഭോക്ത വിഹിതം 42000. ആകെ അടങ്കൽ തുക 168000 രൂപയും ആകെ ഗുണഭോക്തക്കൾ 56 പേരുമാണ്.

2. 122 പേരുടെ ഗുണഭോക്ത ലിസ്റ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ അടവാക്കിയ ഗുണഭോക്ത വിഹിതത്തിന്റെ വിവരങ്ങൾ അടങ്ങുന്ന ലഡ്ജറിൽ നിന്ന് വ്യക്തമാവുന്നത് , 35 ഗുണഭോക്താക്കൾ മാത്രമാണ് വിഹിതം അടവാക്കിയിട്ടുള്ളത് എന്നാണ്. എന്നാൽ 40 ടാങ്കുകൾ വാങ്ങിയതായി പേൾ സ്പോർട്ട് എന്ന സ്ഥാപനത്തിന്റെ 389/20.03.2019 ഇൻവോയ്സ് വ്യക്തമാക്കുന്നു.

3.പ്രോജക്ട് പ്രകാരം ഗുണഭോക്ത വിഹിതം കുറവ് ചെയ്ത് 60000 രൂപ മാത്രമെ പ്ലാൻ വിഹിതത്തിൽ നിന്ന് പിൻവലിക്കേണ്ടതുള്ളൂ. എന്നാൽ മുഴുവൻ തുകയും പ്ലാൻ വിഹിതത്തിൽ നിന്ന് കുറവ് ചെയ്തത് ക്രമപ്രകാരമല്ല. പ്രോജക്ടിന്റെ സാമ്പത്തിക ഘടകങ്ങൾ പരിശോധിക്കാതെയാണ് നിർവഹണ ഉദ്യോഗസ്ഥ പദ്ധതി നടപ്പിലാക്കിയത് എന്ന് വ്യക്തമാവുന്നു.

4."പേൾ സപോർട്ട്" എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. ഇതേ സ്ഥാപനത്തിന്റെ EMD തുക ചെക്കായിട്ടാണ് നൽകിയിട്ടുള്ളത്. എന്നാൽ സ്ഥാപനം നൽകിയ 4200 രൂപയുടെ കനറാ ബാങ്കിന്റെ 930513/23.08.2018 നമ്പർ ചെക്ക് ഇപ്പോഴും ഫയലിൽ കെട്ടിവെച്ച അവസ്ഥയിലാണ്. ഇത് യഥാസമയം പണമാക്കി തനത് ഫണ്ടിൽ നിക്ഷേപിച്ച് , ഡെപ്പോസിറ്റ് ഹെഡിൽ വരവ് വേക്കേണ്ടതായിരുന്നു. വിഴ്ച്ച ശ്രദ്ധയിൽ പെടുത്തുന്നു.

5.ലഭ്യമാക്കിയ രേഖകൾ പ്രകാരം 35 ഗുണഭോക്താക്കൾക്ക് മാത്രമാണ് വാട്ടർ ടാങ്ക് വിതരണം ചെയ്തിട്ടുള്ളത്. രജിസ്റ്ററിലും 35 ഗുണഭോക്താക്കൾക്ക് നൽകിയ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അവശേഷിച്ച 5 വാട്ടർ ടാങ്കുകൾ എന്ത് ചെയ്തു എന്ന് വ്യക്തമാക്കേണ്ടതാണ്.വിതരണം ചെയ്യാത്ത 5 വാട്ടർ ടാങ്കുകളുടെ വില 15000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

# 1-27 മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- അപാകതകൾ

| ക്രമ നമ്പർ | പദ്ധതി | നിർവ്വഹണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|---|---|---|
| 1 | ആയുർവ്വേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ (43/19) | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 3,00,000/- | 3,00,000/- ബി.നം.01/18-19 തിയതി. 04.02.2019 | എം.ജി (എൻ.ആർ) |
| 2 | ഹോമിയോ | മെഡിക്കൽ | 1,00,000/- | 1,00,000/- | എം.ജി |

| | | | | | |
|---|---|---|---|---|---|
| | ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ (44/19) | ഓഫീസർ ( ആയുർവ്വേദം) | | ബി.നം.02/18-19 തിയതി. 22.02.2019 | (എൻ.ആർ) |

1.ആയുർവ്വേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി 3,00,000/- രൂപ മരുന്ന് ലഭ്യമാക്കുന്നതിന് ഔഷധിക്ക് നൽകിയതാണ്. എന്നാൽ 2,47,504/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സിന്റെ വിവരം | തുക |
|---|---|---|
| 1 | 90102894/18.02.2019 | 82,203/- |
| 2 | 90105802/28.02.2019 | 25,600/- |
| 3 | 90108525/18.03.2019 | 23,683/- |
| 4 | 90111754/31.03.2019 | 93,785/- |
| 5 | 90119378/29.06.2019 | 16,300/- |
| 6 | 90124524/29.07.2019 | 5,933/- |
| ആകെ ലഭ്യമായ മരുന്ന് | | 2,47,504/- |

52,496/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കാനുണ്ട്.

2. ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ (44/19) പ്രോജക്ടിന്റെ ഭാഗമായി 1,00,000/- മരുന്ന് ലഭ്യമാക്കുന്നതിന് ഹോംകോ ക്ക് നൽകിയിട്ടുണ്ട്. Prf 1329/28.12.2018 പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് മുൻകൂറായി തുക അടവാക്കിയിട്ടുള്ളത്. എന്നാൽ , മരുന്നുകൾ ലഭ്യമായ വിവരം , ഒറിജിനൽ ഇൻവോയ്സ് എന്നിവ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12 /02.09.2019 ) ആയുർവ്വേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി ഔഷധിക്ക് നൽകിയ തുകയിൽ 52,496/- രൂപയ്ക്കുള്ള മരുന്നുകൾ കൂടി ലഭിക്കാനുണ്ടെന്നും ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ (44/19) പ്രോജക്ടിന്റെ ഭാഗമായി 1,00,000/- ഹോംകോ ക്ക് നൽകിയതിന് നാളിതു വരേയും മരുന്ന് ലഭ്യമായിട്ടില്ലെന്നും മറുപടി നൽകി.
മരുന്നുകൾ ലഭ്യമാക്കി ആയത് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നത് വരെ 1,52,496 /- ( 52,496+1,00,000) രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

# 1-28 ചെലവഴിക്കാത്ത തുക തിരിച്ചടവാക്കേണ്ടതാണ്.

2018-19 വർഷത്തിൽ പ്രോജെക്ട് നമ്പർ 290/18-19 പാൽ സബ്സിഡി പ്രകാരം 2,00,000 രൂപ (ചെക്ക് നമ്പർ 1852512/30-3-19) ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ചിട്ടുണ്ട്.ആയതിൽ 1,90,499 രൂപ പ്രോജെക്ടിന്റെ നിർവഹണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ചെലവഴിക്കാത്ത ബ്ലോക്ക് പഞ്ചായത്ത് വിഹിതം 9501/- രൂപ ബ്ലോക്ക് പഞ്ചായത്തിലേക്ക് (2,00,000-1,90,499) തിരിച്ചടവാക്കേണ്ടതാണ്.

# 1-29 മരാമത്ത് പ്രവർത്തി -കൺവീനർക്ക് അധിക തുക നൽകി

2016 ൽ തയ്യാറാക്കിയ മരാമത്ത് പ്രവർത്തി (2016/DSR-2014 COST INDEX 36.19%-TS 18.8.2016 )10% "OVER HEAD CHARGES "എന്ന ഹെഡിൽ ടാക്സ് പ്രൊവിഷൻ ഓരോ ഐറ്റത്തിലും അനുവദിച്ചിട്ടുള്ളതാണ് . ആയതിൽ 7.5 % (വാറ്റ് -5%,ആദായനികുതി 1%,വെൽഫെയർ ഫണ്ട് 1%)നികുതി ഈടാക്കി അടവാക്കുന്നതിന് ചേർത്തിട്ടുള്ള തുകയാണ്. മേൽ പ്രവർത്തി സ്പിൽ ഓവർ ആയി 2018-19 ൽ കൺവീനർ പ്രവർത്തിയായി നിർവ്വഹണം നടത്തിയപ്പോൾ, 2018-19 ൽ ജി.എസ്.റ്റി നിലവിൽ വന്ന സാഹചര്യത്തിൽ കൺവീനർ പ്രവർത്തികൾക്ക് VAT ഈടാക്കി അടവാക്കേണ്ട സാഹചര്യം നിലവിലില്ലാത്തതിനാൽ ആയത് ഈടാക്കി അടവാക്കിയിട്ടില്ല.എന്നാൽ ടി തുക 5%കുറവ് ചെയ്ത് മാത്രമേ തുക അനുവദിക്കാവൂ എന്നത് പാലിക്കപ്പെടാത്തതിനാൽ കൺവീനർക്ക് അധിക തുകയായി 11395/-രൂപ (5X2279)അനുവദിക്കാൻ ഇടയായിട്ടുണ്ട്.വിശദവിവരത്തിന് ഖണ്ഡിക 3(1) കാണുക

## 1-30 മനോരമപ്പടി ലക്ഷം വീട് കോളനി റോഡ് മെറ്റലിങ്ങ്. അപാകതകൾ

മനോരമപ്പടി ലക്ഷം വീട് കോളനി റോഡ് മെറ്റലിങ്ങ് പ്രവർത്തി 2016-17 ൽ തയ്യാറാക്കിയ പ്രൊജക്റ്റിൽ (2016 /DSR-2014 COST INDEX 36.19%-TS 18.8.2016 )10% "OVER HEAD CHARGES "എന്ന ഹെഡിൽ ടാക്സ് പ്രൊവിഷൻ ഓരോ ഐറ്റത്തിലും അനുവദിച്ചിട്ടുള്ളതാണ് . ആയതിൽ 7.5 % (വാറ്റ് -5%,ആദായനികുതി 1%,വെൽഫെയർ ഫണ്ട് 1%)നികുതി ഈടാക്കി അടവാക്കുന്നതിന്ന് ചേർത്തിട്ടുള്ള തുകയാണ് . എന്നാൽ 2018-19 ൽ ജി.എസ്.റ്റി നിലവിൽ വന്ന സാഹചര്യത്തിൽ കൺവീനർ പ്രവർത്തികൾക്ക് VAT ഈടാക്കി അടവാക്കേണ്ട സാഹചര്യം നിലവിലില്ലാത്തതിനാൽ ആയത് ഈടാക്കി അടവാക്കിയിട്ടില്ല.എന്നാൽ ടി തുക 5%കുറവ് ചെയ്ത് മാത്രമേ തുക അനുവദിക്കാവൂ എന്നത് പാലിക്കപ്പെടാത്തതിനാൽ കൺവീനർക്ക് അധിക തുകയായി 3861/-രൂപ അനുവദിക്കാൻ ഇടയായിട്ടുണ്ട്.വിശദവിവരത്തിന് ഖണ്ഡിക 3(2) കാണുക

## 1-31 ഷീറ്റ് വർക്ക് - അധിക നിരക്ക് നൽകി

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ വശങ്ങൾ "ഷീറ്റിടൽ" എന്ന രണ്ട് സ്പിൽ ഓവർ പ്രോജക്ടുകൾ നിർവഹണം നടത്തിയതിൽ പ്രോജക്റ്റിന്റെ ഭാഗമായിപഞ്ചായത്ത് ഓഫീസിന്റെ വശങ്ങളിൽ ഷീറ്റ് വർക്ക് നടത്തിയതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ DSR 10.16.2 പ്രകാരം അനുവദിക്കാവുന്ന സിംഗിൾ സെക്ഷൻ വർക്കുകൾ മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് നേരിട്ടുള്ള പരിശോധനയിൽ വ്യക്തമാവുന്നു. എന്നാൽ DSR 10.16.1 പ്രകാരമുള്ള നിരക്കുകളാണ് കരാറുകാരന് നൽകിയത് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.ഈയിനത്തിൽ അധികമായി 28217/-രൂപ അനുവദിച്ചത് നിരാകരിക്കുന്നു. വിശദ വിവരത്തിന് ഖണ്ഡിക 3(3) കാണുക

## 1-32 ടെണ്ടർ ബിലോ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ചില പ്രവൃത്തികളിൽ നിശ്ചിത ടെണ്ടർ ബിലോ കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത് .ഇതു വഴി പഞ്ചായത്ത് ഫണ്ടിന് 2440/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് .വിശദ വിവരത്തിന് ഖണ്ഡിക 3(4) കാണുക

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമത്തിനനുസരിച്ചുള്ള നികുതി ഈടാക്കിയതായി കാണുന്നില്ല.

1. V/67Aനമ്പർ കെട്ടിടത്തിൽ 2018-19 വർഷത്തിൽ 70 HP യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് പവൻ എന്റർപ്രൈസസ് എന്ന നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നതിനായി ശ്രീ . വർഗ്ഗീസ്.എ.സി,എടയാട്ടിൽ വീട് എന്നിവർ ഡി & ഒ ലൈസൻസിനായി അപേക്ഷിക്കുകയും ( ഇൻവാർഡ് നമ്പർ 956/13.03.2018) മേൽ ആവശ്യത്തിനായി ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട് ( 21/18-19) .എന്നാൽ ശ്രീ.എടയാട്ടിൽ ചെറിയാൻ , എടപ്പറ്റ എന്നിവരുടെ ഉടമസ്ഥതയിലുള്ള 86 ച.മീറ്റർ തറവിസ്തീർണ്ണമുള്ള V/67Aനമ്പർ കെട്ടിടത്തിന് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന ഉപയോഗത്തിൽപ്പെടുത്തി 30 രൂപ നിരക്കിലാണ് നികുതി ചുമത്തിയിട്ടുള്ളത്. ഇതരവ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40 രൂപയാണ്

ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക്. ഇത്തരത്തിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് 1032 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഉപയോഗം | ഇതരവ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 86 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 86x40) | 3440രൂപ |
| (-) ഇളവ് - 10 % (മേഖല) | 344രൂപ |
| (+) വർദ്ധനവ് - 30 % (20% റോഡ് + 10% എയർ കണ്ടീഷനിംഗ് ) | 1032രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 4128രൂപ |
| ഈടാക്കിയ വസ്തുനികുതി | 3096രൂപ. |
| ഈടാക്കിയതിൽ കുറവ് | 1032രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (4128 * 5%) | 207രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 155രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 52 രൂപ. |
| ആകെ നഷ്ടം (1032 + 52 ) | 1084 രൂപ. |

2.I/80Aനമ്പർ കെട്ടിടത്തിൽ 2018-19 വർഷത്തിൽ 5 HP യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് തയ്യിൽ ഇന്റസ്ട്രിയൽ എന്ന സ്ഥാപനം തുടങ്ങുന്നതിനായി ശ്രീ . മുഹമ്മദ് ഫൈസൽ, തയ്യിൽ ഹൗസ് എന്നിവർ ഡി & ഒ ലൈസൻസിനായി അപേക്ഷിക്കുകയും ( ഇൻവാർഡ് നമ്പർ 4684/17.12..2018) ഈ ആവശ്യത്തിനായി ലൈസൻസ് അനുവദിക്കുന്നതിനുവേണ്ടി ശ്രീ.പൂതങ്ങോടൻ അബ്ദുൾ മജീദ്, പൂതങ്ങോടൻ ഹൗസ്, എടപ്പറ്റ എന്നിവരുടെ ഉടമസ്ഥതയിലുള്ള മേൽ കെട്ടിടത്തിന്റെ ഒക്യൂപ്പൻസി പാർപ്പിടാവശ്യം എന്നത് മാറ്റിയിട്ടുണ്ട്. എന്നാൽ വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടം കൈത്തറി ഷെഡ് / കയർപിരിഷെഡ് എന്ന ഉപയോഗത്തിലേക്ക് മാറ്റി നികുതി നിശ്ചയിച്ചതുവഴി ഗ്രാമപഞ്ചായത്തിന് താഴെപ്പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതരവ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40 രൂപയും കൈത്തറി ഷെഡ് / കയർപിരിഷെഡ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 10 രൂപയുമാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക്.

| ഉപയോഗം | ഇതരവ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 147.25 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 147.25x40) | 5890രൂപ |
| (-) ഇളവ് - 10 % (മേഖല) | 589രൂപ |
| (+) വർദ്ധനവ് | ഇല്ല |
| ഈടാക്കേണ്ട വസ്തുനികുതി | 5301രൂപ |
| ഈടാക്കിയ വസ്തുനികുതി | 1326രൂപ. |
| ഈടാക്കിയതിൽ കുറവ് | 3975രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (5301 * 5%) | 265രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 67രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 198 രൂപ. |
| ആകെ നഷ്ടം (3975 + 198 ) | 4173 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഡിമാന്റ് ക്രമീകരിയ്ക്കേണ്ടതും വസ്തുനികുതി ഈടാക്കിയതിൽ കുറവുവന്ന തുക ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13 /02.09.2019 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 മരാമത്ത് പ്രവർത്തി -കൺവീനർക്ക് അധിക തുക നൽകി

| പ്രവർത്തി /പ്രൊജക്റ്റ് | ബിൽ വിവരം | റിമാർക്കസ് |
|---|---|---|
| 210/19-മൈലാടി ചാഴിയോടൻ ചേല കോളനി റോഡ് (30/16-17)(തനത് ഫണ്ട്)<br>എംബുക്ക് -65/18-19<br>DSR -36.19%<br>എഗ്രി.നം-30/16-17/28.2.17 | കൺവീനർ-ഷാജി.ഇ.കെ<br>വൌച്ചർ21801001/31.3.2019<br>തുക<br>=227866/രൂപ | പ്രവർത്തിമൂല്യം = 227859<br>(O.H) 10% =22785<br>കുറവ് ചെയ്തത് IT 2% =4558<br>WF 1% =2279<br>അധികംനൽകിയത്=2279X5<br>അധികം =11395/- |

മേൽ പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ (2016 /DSR-2014 COST INDEX 36.19%-TS 18.8.2016 )10% "OVER HEAD CHARGES "എന്ന ഹെഡിൽ (ടാക്സ് പ്രൊവിഷൻ ) ഓരോ എെറ്റത്തിലും അനുവദിച്ചിട്ടുള്ളതാണ് ആയതിൽ 7.5 % (വാറ്റ് -5%,ആദായനികുതി 1%,വെൽഫെയർ ഫണ്ട് 1%)നികുതി ഈടാക്കി അടവാക്കുന്നതിന്ന് ചേർത്തിട്ടുള്ള തുകയാണ് . എന്നാൽ 2018-19 ൽ ജി.എസ്.ടി നിലവിൽ വന്ന സാഹചര്യത്തിൽ കൺവീനർ പ്രവർത്തികൾക്ക് VAT ഈടാക്കി അടവാക്കേണ്ട സാഹചര്യം നിലവിലില്ലാത്തതിനാൽ ആയത് ഈടാക്കി അടവാക്കിയിട്ടില്ല. എന്നാൽ ടി തുക 5%കുറവ് ചെയ്ത് മാത്രമേ തുക അനുവദിക്കാവൂ എന്നത് പാലിക്കപ്പെടാത്തതിനാൽ കൺവീനർക്ക് അധിക തുകയായി 11395/-രൂപ (5X2279)അനുവദിക്കാൻ ഇടയായിട്ടുണ്ട്. ആയത് നിർവ്വഹണോദ്യോഗസ്ഥൻെറ ബാദ്ധ്യതയായി കണക്കാക്കുന്നു.തുക നിരാകരിയ്ക്കുന്നു .ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം-14 /18-19/2.9.2019 )മറുപടി ലഭ്യമാക്കിയിട്ടില്ല . മേൽ ചേർത്തിട്ടുള്ള പരാമർശങ്ങളിൻമേൽ നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ റക്റ്റിഫിക്കേഷൻ റിപ്പോർട്ട് സമർപ്പിക്കാത്ത പക്ഷം അല്ലെങ്കിൽ കൈക്കൊണ്ട പരിഹാര നടപടി സ്വീകാര്യമല്ലാത്ത പക്ഷം KLFA Act 1994 ,KLFA Rules 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് .

## 3-2 മനോരമപ്പടി ലക്ഷം വീട് കോളനി റോഡ് മെറ്റലിങ്ങ്. അപാകതകൾ

"മനോരമപ്പടി ലക്ഷം വീട് കോളനി റോഡ് മെറ്റലിങ്ങ്" എന്ന വർക്ക് 2016-17 വാർഷിക പദ്ധതിയിൽ കരാർ വെച്ച പ്രവൃത്തിയാണ്. ഓഡിറ്റ് വർഷം 208/19 പ്രോജക്റ്റായി നിർവഹണം നടത്തിയ പ്രോജക്റ്റ് അസിസ്റ്റന്റ് എഞ്ചിനീയറാണ് നിർവഹണം നടത്തയിട്ടുള്ളത്. ബിൽ നം-19/28.05.2018 പ്രകാരം 72000/- രൂപ പിൻവലിച്ച് 720/-രൂപ ആദായ നികുതിയും ,720/- രൂപ വെൽഫയർ ഫണ്ടും കുറവ് ചെയ്ത് ബാക്കി 70560/- രൂപ കൺവീനർക്ക് നൽകിയതായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.വർക്ക് ഫയലിന്റെ ബിൽ കോപ്പി ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

2.മെറ്റലിങ്ങ് മാത്രമായി നിർവഹിക്കുന്നത് സർക്കാർ ഉത്തരവ് വിലക്കിയിട്ടുണ്ട്.എന്നാൽ സ്പിൽ ഓവറായി മൂന്ന് വർഷം നിലനിർത്തി വർക്ക് പൂർത്തിയാക്കിയിട്ടുള്ളതായിട്ടാണ് ഫയലിൽ നിന്ന് വ്യക്തമാവുന്നത്. ടാറിങ്ങ് ഉൾപെടുത്തി പ്രോജക്ട് പരിഷ്കരിക്കാതെ പ്രവൃത്തി പൂർത്തിയാക്കാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

3.കാളികാവ് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 03.01.2015ലെ ഉത്തരവ് പ്രകാരമാണ് പ്രോജക്ടിന് സാങ്കേതികാനുമതി നൽകിയിട്ടുള്ളത് . 67607/- രൂപ പ്രവൃത്തി മൂല്യവും 4393 രൂപ നികുതി വിഹിതവും ഉൾപെടുത്തി 72000 /-രൂപയാണ് എസ്റ്റിമേറ്റ് തുക.

4.നികുതിക്കായി 6% തുക വകയിരുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇതിൽ 4 ശതമാനം വാറ്റ്, ഒരു ശതമാനം ആദായ നികുതി, ഒരു ശതമാനം വെൽഫയർ ഫണ്ട് എന്നിവക്കാണ് തുക വകയിരുത്തിയിട്ടുള്ളത് . ഇപ്രകാരം നികുതികൾ ഉൾപെടുത്തിയാണ് 72000/- രൂപ സാങ്കേതികാനുമതി തുകയിൽ എത്തുന്നത്.

5.മൂന്ന് വർഷത്തിന് ശേഷമാണ് പ്രവൃത്തി പൂർത്തിയാക്കുന്നത്. വാറ്റ് സംവിധാനം നിലവിലില്ലാത്ത സംഗതിയിൽ വാറ്റിനായി വകയിരുത്തിയ തുക കുറവ് ചെയ്ത് മാത്രമെ കൺവീനർക്ക് തുക നൽകേണ്ടതുള്ളൂ. ഇപ്രകാരം ഈ വർക്കിന് നിലവിലെ സാഹചര്യത്തിൽ നൽകാവുന്ന തുക ഇപ്രകാരമാണ്.

ആകെ പ്രവൃത്തി മൂല്യം -68061.45

ആദായനികുതി - 681

വെൽഫയർ ഫണ്ട് - 681

കരാറുകാരന് നൽകാവുന്ന തുക - 66699

കരാറുകാരന് നൽകിയത് - 70560

അധികം -3861/-രൂപ

അധികം നൽകിയ തുക3861/-രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിലനിർത്തുന്നു.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -2/178-19/27.8.2019)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 ഷീറ്റ് വർക്ക് - അധിക നിരക്ക് നൽകി

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൻെറ വശങ്ങൾ “ഷീറ്റിടൽ” എന്ന പേരിൽ രണ്ട് സ്പിൽ ഓവർ പ്രോജക്ടുകൾ നിർവഹണം നടത്തിയിട്ടുണ്ട്.(1) 252/19 പ്രോജക്ടിൽ 113093 രൂപയും, (2) 255/19 പ്രോജക്ടിൽ 95469 രൂപയും ചെലവ് ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായിപഞ്ചായത്ത് ഓഫീസിന്റെ വശങ്ങളിൽ ഷീറ്റ് വർക്ക് നടത്തിയതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ DSR 10.16.2 പ്രകാരം അനുവദിക്കാവുന്ന സിംഗിൾ സെക്ഷൻ വർക്കുകൾ മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് നേരിട്ടുള്ളപരിശോധനയിൽ വ്യക്തമാവുന്നു. എന്നാൽ DSR 10.16.1 പ്രകാരമുള്ള നിരക്കുകളാണ് കരാറുകാരന് നൽകിയത് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. വിശദവിവരം താഴെ കൊടുക്കുന്നു. ഈയിനത്തിൽ കരാറുകാരന് അധികം നൽകിയ തുകയുടെ വിവരെ താഴെ കൊടുക്കുന്നു.

| പ്രോജക്ട് | അനുവദിച്ച തുക<br>DSR 10.16.1 @123.87 | അനുവദിക്കാവുന്ന തുക<br>DSR 10.16.2 @111.93 | അധികം |
|---|---|---|---|
| 255/19 പഞ്ചായത്ത് ഓഫീസ് വശങ്ങൾ ഷീറ്റിടൽ<br>കരാറുകാരൻ :സനാഉള്ള .ടി.പി<br>ബിൽ 38/31.08.2018 തുക : 95469<br>അളവ് പുസ്തകം :05/18-19 | 366.51 kg @123.87<br>= 45393.59 | 366.51kg@111.93<br>=41022.3 | 4377 |

| | | | |
|---|---|---|---|
| നിരക്ക് DSR 2016, Cost Index 37.25 | | | |
| 252/19 പഞ്ചായത്ത് ഓഫീസ് വശങ്ങൾ ഷീറ്റിടൽ<br><br>കരാറുകാരൻ :സനാഉള്ള .ടി.പി<br><br>ബിൽ 41/23.10.2018 തുക : 58093<br><br>ബിൽ 42/23.10.2018 തുക : 55000<br><br>അളവ് പുസ്തകം :06/18-19<br><br>നിരക്ക് DSR 2016, Cost Index 37.25 | 577.5 kg @123.87<br><br>= 71534.92 | 577.5kg @ 111.93<br><br>= 64639.57 | 6895 |
| 138/19 പാതിരിക്കോട് GLPS നവീകരണം<br><br>കരാറുകാരൻ :മുഹമ്മദ് റഫീഖ്<br><br>ബിൽ 75/10.01.2019 തുക : 164935<br><br>അളവ് പുസ്തകം :37/18-19<br><br>നിരക്ക് DSR 2016, Cost Index 37.25 | 663.76 kg @137.46<br><br>= 91240.4<br><br>(DSR 50.10.1) | 663.76kg @ 111.93<br><br>= 74294.65 | 16946 |
| | | ആകെ | 28217 |

28217/- രൂപയുടെ ബാധ്യത നിർവഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ നഷ്ടോത്തരവാദിത്വമായി കണക്കാക്കുന്ന ഉത്തരവാദിയിൽ നിന്നും തുക ഈടാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം-23/18-19/5.9.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-4 ടെണ്ടർ ബിലോ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ താഴെ രേഖപ്പെടുത്തിയ വർക്കുകളിൽ ടെണ്ടർ ബിലോ കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയത് എന്ന് ഫയൽ പരിശോധനയിൽ വ്യക്തമാവുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തി | നൽകിയ തുക | നൽകേണ്ടത് | അധികം |
|---|---|---|---|
| (1)228/19 കുണ്ടൻ ചോല ചീനിക്കുളം റോഡ്<br><br>കരാറുകാരൻ . പി.കെ. സൈതാലി<br><br>നിരക്ക് . 0.632 below<br><br>ബിൽ 36/21.03.2019<br><br>തുക 223783 | ആകെ മൂല്യം : 223783<br><br>(-)റിടെൻഷൻ : 22378<br><br>ആകെ : 201405<br><br>(-)ആദായ നികുതി :2014<br><br>(-)വെൽഫയർ ഫണ്ട് :2014<br><br>കരാറുകാരന് നൽകുന്നത് :197377 | ആകെ മൂല്യം : 222369<br><br>(-)റിടെൻഷൻ : 22237<br><br>ആകെ : 200132<br><br>(-)ആദായ നികുതി : 2001<br><br>(-)വെൽഫയർ ഫണ്ട് :2001<br><br>കരാറുകാരന് നൽകാവുന്നത് :196130 | 1247 |
| (2)138/19 പാതിരിക്കോട് GLPS നവീകരണം<br><br>കരാറുകാരൻ :മുഹമ്മദ് റഫീഖ്<br><br>നിരക്ക് : 12.02% below | ആകെ മൂല്യം : 186085.46<br><br>ടെണ്ടർ തുകയിൽ പരിമിതപ്പെടുത്തുന്നത് :164935<br><br>(-)ആദായ നികുതി : 1649 | ആകെ മൂല്യം : 186085.46<br><br>ടെണ്ടർ തുകയിൽ പരിമിതപ്പെടുത്തുന്നത് :163718<br><br>(-)ആദായ നികുതി : 1637 | 1193 |

| | | | |
|---|---|---|---|
| ബിൽ 75/10.01.2019 തുക : 164935<br>അളവ് പുസ്തകം :37/18-19<br>DSR 2016,<br>Cost Index 37.25 | (-)വെൽഫയർ ഫണ്ട് : 1649<br>കരാറുകാരന് നൽകുന്നത് :161637 | (-)വെൽഫയർ ഫണ്ട് : 1637<br>കരാറുകാരന് നൽകാവുന്നത് :160444 | |
| | | ആകെ | 2440 |

അധികം നൽകിയ തുക കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.7.2019 മുതൽ 20.7.2019 വരെ | കെ.എസ്.എ.എം.പി.എം(9)5.1177/2019/22.8.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 18-19 | 661850 | 9/18-19 ലൈഫ് | 661850 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 18-19 | 530799 | 9/18-19 ലൈഫ് | 530799 | 0 |
| | 18-19 | 3500000 | 30/18-19 സ്കോളർഷിപ്പ് | 350000 | 0 |
| | 18-19 | 200000 | 290/18-19 പാൽസബ്സീഡി | 190499 | 9501 |

(പ്രൊജക്റ്റ് നമ്പർ 290/18-19 ലെചെലവഴിക്കാത്ത 9501/-രൂപ ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകേണ്ടതാണ്)

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 6/19-വിവധ വാർഡിൽ സ്ലീറ്റ് മെയിൻ | 25/18-19/17.1.2019 | 481012 | 0 | 481012 |
| KSEB | 322/19-വിവധ വാർഡിൽ സ്ലീറ്റ് മെയിൻ | 36/18-19/17.1.2019 | 635000 | 0 | 635000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 9/19 ലൈഫ് ഭവന പദ്ധതി | സ.ഉ (കൈ) 68/2018 തിയതി 18.05.2018 | 6687351 | 0 | 0 | 0 | 6687351 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

(2018-19) വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഷെയർ | 5000 | ചെക്ക് നമ്പർ-15105/19.06.1993 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4075/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | പ്പേരും | |
| 2013-14 | 3(6) | 4075 | ശ്രീ.എം.പി.ജോസ് അസി.എൻജിനിയർ | 118030103550/10.1.2019 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2000-01 2(9)<br>2001-02 3(10) | 2004-05-പാര 3-10(1) | ഡെപ്പോസിറ്റ് പ്രവൃത്തി | കമ്മിറ്റി പരിഗണനയിൽ |
| 2006-07 3(25) | 2009-10പാര 2-8 | ഡെപ്പോസിറ്റ് പ്രവൃത്തി | കമ്മിറ്റി പരിഗണനയിൽ |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പരും തിയതിയും | തുക | |
| 1 | 2005-06 | 2-6 | പി.കെ.ദിവാകരൻ | LF 7461/spl.cell/Sc5/10/18.01.2011. | 16568 | 6568 രൂപ ബാധ്യതയായി അവശേഷിക്കുന്നു. |
| 2 | 2005-06 | 3-9(1) ഭാഗികം | പി.ബി ദിനേശൻ | LF 7401/spl.cell/Sc5/10/18.01.2011. | 11013 | 62553/80/1.7.2011 പ്രകാരം 11013 രൂപ അടവാക്കി |
| 3 | 2005-06 | 3-9(1),3-12 | പി.കെ.ദിവാകരൻ | LF 7401/spl.cell/Sc5/10/18.01.2011. | 29566 | 29566 രൂപ ബാധ്യതയായി അവശേഷിക്കുന്നു. |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 99733476 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84887976 |
| വരവിനങ്ങളിലുള്ള നഷ്ടം | 5257 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39704 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2302558 |

**(ബി).<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 5257 | | സെക്രട്ടറി,ശ്രീമതി.മിനിമോൾ .കെ.കെ -1084<br>സെക്രട്ടറി ,ശ്രീ.ജോയ് ജോൺ -4173 |
| 3-1 | | 11395 | അസി.എൻജിനിയർ,ശ്രീ.സിനിമോൻ.സി.എച്ച് |
| 3-2 | | 3861 | അസി.എൻജനിയർ,ശ്രീ.ജോസ് .എം |
| 3-3 | | 22008 | 4377/-അസി.എൻജനിയർ,ശ്രീ.സിബിൻ.ജെ<br>16946/-<br>അസി.എൻജനിയർ,സിനിമോൻ.സി.എ.ച്ച് |
| 3-4 | | 2440 | 1247/-<br>അസി.എൻജിനിയർ,ശ്രീ.സിനിമോൻ.സി.എച്ച്<br>1193/-അസി.എൻജിനിയർ,ശ്രീ.ദിനേശ് .ടി.എം |
| | 5257 | 39704 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1116012 | സെക്രട്ടറി ,ശ്രീ.ജോയ് ജോൺ |
| 1-22 | 695000 | വെറ്റിനറി സർജ്ജൻ,ഡോ.ഫിസ ഷമീം |
| 1-23 | 98750 | എച്ച് .എം,ശ്രീ.മോഹനൻ.കെ |
| 1-24 | 225000 | മെഡിക്കൽ ഓഫീസർ,ഡോ.സജ്ന.പി.എച്ച് |
| 1-26 | 15000 | അസി.സെക്രട്ടറി,ശ്രീമതി .ജയശ്രീ. |
| 1-27 | 152496 | മെഡിക്കൽ ഓഫീസർ,ഡോ.സജ്ന.പി.എച്ച് |
| ആകെ | 2302558 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-17 | 12930 |
| 1-21 | 22158 |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ്നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| ശ്രീ.സിനിമോൻ.സി.എച്ച്,അസി.എൻജിനിയർ | എ.ഇ,എടപ്പറ്റ ഗ്രാമപഞ്ചായത്ത് | ചിറയിൽ (ഹൌസ്) കൊമ്പൻക്കുന്ന്, കരുവാരകുണ്ട്,മലപ്പുറം -676523 |
| ശ്രീ.സിബിൻ.ജെ,അസി.എൻജിനിയർ | ലഭ്യമല്ല | എസ്.ജെ.വില്ല ആവേലിക്കോണം കിളിമാനൂർ തിരുവനന്തപുരം |
| ശ്രീ.ജോസ് .എം.പി.അസി.എൻജിനിയർ | ലഭ്യമല്ല | മറ്റപ്പള്ളി (ഹൗസ്) കരയാംപറമ്പ്, എറണാംകുളം 683576 |
| ശ്രീ.ദിനേശ് .ടി.എം,അസി.എൻജിനിയർ | ലഭ്യമല്ല | മൂവ്വാറ്റുപുഴ ,അട്ടുപറമ്പ് എറണാംകുളം 686661 |
| സെക്രട്ടറി,ശ്രീമതി.മിനിമോൾ | ലഭ്യമല്ല | എടപ്പയിൽ (വീട് ) കെ.പുരം,താനാളൂർ, മലപ്പുറം |
| സെക്രട്ടറി ,ശ്രീ.ജോയ് ജോൺ | ലഭ്യമല്ല | ഐക്കുളമ്പിൽ കണിയാംപറ്റ വയനാട് 673124 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.എം.13/2957/2014/ 8.1.2015 | 12 |
| 1998-99 | എൽ.എഫ്.എം.13/2958/2014/8.1.2015 | 6 |
| 1999-00 | എൽ.എഫ്.എം.13/2959/2014/8.1.2015 | 6 |
| 2000-01 | എൽ.എഫ്.എം.13/2960/2014/8-1-2015 | 10 |
| 2001-02 | എൽ.എഫ്.എം.(16)1864/2004/ 7.10.2010 | 19 |
| 2002-03 | എൽ.എഫ്.എം.(16)908/2006/ 7.10.2010 | 12 |
| 2003-04 | എൽ.എഫ്.എം.(16)1171/2009/7.10.2010 | 12 |
| 2004-05 | എൽ.എഫ്.എം.(16)1739/2009/7.10.2010 | 27 |
| 2005-06 | എൽ.എഫ്.എം.(16)261/2010/7.10.2010 | 23 |
| 2006-07 | എൽ.എഫ്.എം.(16)511/2010/7.10.20 | 44 |
| 2007-08 | എൽ.എഫ്.എം.(14)1422/2010/ 03/12/2010 | 04 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.എം.(13)199/2013/ 28/02/2013 | 14 |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം.13/2601/2016/ 31/05/2017 | 26 |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം13/1842/16 /14/06/2017 | 20 |
| 2015-16 | കെ.എസ്.എ.എം.പി.എം13/3399/2016 / 06-03-2018 | 05 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.എം.പി.എം13/1824/2017 / 07-07-2018 | 13 |
| 2017-18 | കെ.എസ്.എ.എം.പി.എം(9)/2413/2018 / 22.03.2018 | 18 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# Annexure-1 AUDIT CERTIFICATE

KSAMPM. (9)/1177 /2019

Kerala State Audit Department

District Audit Office, Malappuram

Pin-676505 Phone:048327349

dompm.ksad@kerala.gov.in

**Date:22.8.2019**

Certified that I have examined the Annual Financial Statement of **Edapatta Grama Panchayath** for the year ended on 31.03.2019 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the certification of Accounts of Panchayathi Raj Institutions

In my opinion the financial statement of **Edapatta Grama Panchayath** for the year 2018-19 subject to the observations in the Annexure, properly presents the picture of income,expenditure and closing balance.

**Deputy Director(H.G)**

# അനുബന്ധം-2 ഓഡിറ്റ് സംക്ഷ്യപത്രം

**കെ.എസ്.എ.എം.പി.എം. 9/1177/2019**


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505ഫോൺ:04832734951
Email:dompm.ksad@kerala.gov.in


തിയ്യതി: 22-08-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ **എടപ്പറ്റ** ഗ്രാമപഞ്ചായത്തിൻെറ 31.3.2019ൽ അവസാസാനിച്ച മ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻെറ് പരിശോധ നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .
ഈ സാക്ഷ്യപത്രത്തിൻെറ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എൻെറ അഭിപ്രായത്തിൽ **എടപ്പറ്റ** ഗ്രാമപഞ്ചായത്തിൻെറ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻെറ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ )**